മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 13 ജനുവരി 2015 ലക്കം 1




## പുതുവർഷത്തിലേക്ക് സന്തോഷപൂർവ്വം

സാക് പുന്നൻ

*Happy Christian Life*

## മനുഷ്യന്റെ ബലഹീനതയിൽ ദൈവത്തിന്റെ ശക്തി തെളിയുന്നു

വാച്ച്മാൻ നീ

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 13 ജനുവരി 2015 ലക്കം 1

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും കൂടിവരവുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |

*മൊഴിമുത്തുകൾ*

# ദൈവം ആരെയാണ് അന്വേഷിക്കുന്നത്?



സ്വാഭാവിക ശക്തിയെ തകർക്കുന്ന നിലയിലുള്ള ശിക്ഷണത്തിന്റെ അവസ്ഥയിലേക്ക് ഓരോ വിശ്വാസിയും എത്തേണ്ടതുണ്ട്. ദൈവത്തെ യഥാർത്ഥമായി അറിഞ്ഞവരുടെ ഒരു പ്രത്യേകത, അവർക്കു തങ്ങളിലോ തങ്ങളുടെ കഴിവുകളിലോ യ ാതൊരു വ ിശ്വാസമോ, ആ ശ്രയമോ, ഇല്ല എന്നുള്ളതാണ്. ദിവ്യജനനം പ്രാപിച്ചവരെയല്ല ദൈവം അന്വേഷിക്കുന്നത്. എന്നെയും നിങ്ങളെയും പോലെയുള്ള സാധാരണക്കാരെയാണു ദൈവത്തിനാവശ്യം - തന്റെ ദാനങ്ങൾ സ്വീകരിക്കുകയും തന്റെ ശിക്ഷണത്തിനു വിധേയപ്പെടാൻ മനസ്സുള്ളവരുമായവരെ മാത്രം.

— ***വാച്ച്മാൻ നീ***

## ഈ ദിവസങ്ങളൊന്നിൽ...




ദൂതൻ അവരോടു: ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. ലൂക്കൊ. 2:10-11

## എഡിറ്റോറിയൽ

# ഫലസമൃദ്ധിയുടെ പുതുവത്സരം



**2015.** പുതുവർഷം. ഈ പുതിയ വർഷത്തെ 'നീട്ടിക്കിട്ടിയ ആയുസ്സാ'യി നമ്മിൽ എത്ര പേർ കാണുന്നുണ്ട്?

യേശു പറഞ്ഞ, 'മുന്തിരിത്തോട്ടത്തിൽ നടപ്പെട്ട അത്തിവൃക്ഷത്തിന്റെ ഉപമ,' ഓരോ പുതുവർഷത്തെയും ഈ നിലയിൽ ഗൗരവത്തോടെ സമീപിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. കാരണം 'യജമാനനേ, ഈ വർഷം കൂടെ അതു നില്ക്കട്ടെ. മേലിൽ അതു ഫലം നൽകിയേക്കാം. ഇല്ലെങ്കിൽ വെട്ടിക്കളയാം' എന്നാണല്ലോ ആ ഉപമയിൽ കൃഷിക്കാരൻ, തോട്ടത്തിന്റെ ഉടമയോട് അഭ്യർത്ഥിക്കുന്നത്!

വിശുദ്ധനായ ഒരു ദൈവഭൃത്യൻ ഒരിക്കൽ അദ്ദേഹത്തിന്റെ വിജയ രഹസ്യത്തെക്കുറിച്ചു ചോദിച്ച ആളിനോട് അതിങ്ങനെ വെളിപ്പെടുത്തിയതായി കേട്ടിട്ടുണ്ട്: "ഞാൻ ഓരോ ദിവസത്തെയും എന്റെ ജീവിതത്തിലെ അവസാന ദിവസമായി കണക്കാക്കി ജീവിക്കുന്നു." ഓരോ ദിവസത്തെയും അത്രമാത്രം ഗൗരവമായി എടുത്ത അദ്ദേഹം വിശുദ്ധനായതിൽ എന്താണത്ഭുതം? ഓരോ വർഷത്തെയും ഈ മട്ടിൽ 'നീട്ടിക്കിട്ടിയ ആയുസ്സാ'യി കണക്കാക്കി ജീവിക്കാൻ കഴിഞ്ഞാൽ അതു നമ്മുടെ ജീവിതത്തെയും എറെ വ്യത്യാസപ്പെടുത്തും.

**ആയുസ്സിനോട് ഒരു വർഷം നീട്ടിക്കിട്ടിയ പുതുവത്സരത്തിൽ നമുക്കു ഫലം കായിക്കാം, പിതാവിനെ മഹത്വപ്പെടുത്താം, ശിഷ്യരാകാം. അങ്ങനെയെങ്കിൽ ഇത് അവസാനമല്ല. ഫലസമൃദ്ധിയുടെ ഒട്ടേറെ വർഷങ്ങൾ മുൻപിലുണ്ട്. 'ദൈവത്തിന്റെ മുന്തിരിത്തോപ്പിലെ ഫലം നൽകുന്ന അത്തിവൃക്ഷം' – ഇതായിരിക്കും ഭാവിയിലെ നമ്മുടെ മേൽവിലാസം!**

ലൂക്കൊസ് 13ന്റെ 6 മുതൽ 9 വരെ വാക്യങ്ങളിൽ യേശു പറഞ്ഞ ഉപമ പുതുവർഷത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിക്കുന്നതു ഒട്ടേറെ ഉൾക്കാഴ്ച നൽകും: "അവൻ ഈ ഉപമ പറഞ്ഞു: ഒരുവൻ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം നട്ടുപിടിപ്പിച്ചു. അതിൽ പഴമുണ്ടോ എന്നു നോക്കാൻ അവൻ വന്നു. എന്നാൽ ഒന്നും കണ്ടില്ല. അപ്പോൾ അവൻ കൃഷിക്കാരനോടു പറഞ്ഞു: മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽ നിന്നു ഫലം അന്വേഷിച്ചു വരുന്നു. ഒന്നും കാണു

ന്നില്ല. അതു വെട്ടിക്കളയുക. എന്തിനു നിലം പാഴാക്കണം? കൃഷിക്കാരൻ അവനോടു പറഞ്ഞു: യജമാനനേ, ഈ വർഷം കൂടെ അതു നിൽക്കട്ടെ. ഞാൻ അതിന്റെ ചുവടു കിളച്ചു വളമിടാം. മേലിൽ അതു ഫലം നൽകിയേക്കാം. ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊള്ളുക."

ഈ ഉപമയെ യെഹൂദനുമായുള്ള ബന്ധത്തിൽ ഇങ്ങനെ വ്യാഖ്യാനിക്കാറുണ്ട്: യെഹൂദനാകുന്ന അത്തിവൃക്ഷം വാഗ്ദത്ത നാടായ പലസ്തീനിൽ നടപ്പെട്ട വൃക്ഷമാണ്. ദൈവം തന്റെ പുത്രനായ യേശുവിലൂടെ പരസ്യ ശുശ്രൂഷയുടെ മൂന്നു വർഷം അവരിൽ ഫലം തിരഞ്ഞു. പക്ഷേ ഫലം കണ്ടെത്തിയില്ല. അതുകൊണ്ട് അവരെ വെട്ടിക്കളയാം എന്നു പിതാവു തീരുമാനിച്ചു. എന്നാൽ നല്ല തോട്ടക്കാരനായ യേശു സമയം നീട്ടിക്കൊടുക്കാൻ അവർക്കു വേണ്ടി പ്രാർത്ഥിച്ചു. താൻ തന്നെ അവർക്കു വേണ്ടി മരിച്ച് ('ചുവടു കിളച്ച്') അവരുടെ വളർച്ചയ്ക്കും ഫലം കായിക്കുന്നതിനും സഹായകമായി ('വളമിടാം') മാറാം. അതുമൂലം അവർ അനുതപിച്ച് പിതാവിന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തുമെന്ന് അവിടുന്നു പ്രതീക്ഷിച്ചു. മറിച്ചു ഫലം കായിച്ചില്ലെങ്കിൽ മാത്രം വെട്ടിക്കളയാം എന്നതായിരുന്നു അവിടുത്തെ നിലപാട്.

എന്നാൽ ഈ ഉപമ യെഹൂദനു വേണ്ടിയുള്ളതാണെന്നു വ്യാഖ്യാനിച്ചു തള്ളിക്കളയാതെ നമ്മോടുള്ള ബന്ധത്തിൽ ഇതിനെ സമീപിക്കുന്നതായിരിക്കും പ്രയോജനകരം. ഇതിൽ നമുക്കു പ്രസക്തമായ ഏഴു കാര്യങ്ങളുണ്ട്.

ഒന്നാമത്, ഇതു നടപ്പെട്ട ഒരു വൃക്ഷമാണ് (13:6). ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ യജമാനനും കൃഷിക്കാരനും ബോധപൂർവ്വം നട്ട ഒരു വൃക്ഷം. ഇന്നത്തെ കാലഘട്ടം 'യാദൃച്ഛിക ജനന'ങ്ങളുടെ കാലമായിരിക്കാം. എന്നാൽ നാം അത്തരം ഒരു അപകട ജനനമല്ല (accident birth). നാം ഒരു 'മുൻനിർണയ'ത്തിന്റെ ഫലമാണ് (എഫെ. 1:4). നമ്മുടെ ജനനം, വളർച്ച, നമ്മെ നാം ആക്കിയ സാഹചര്യങ്ങൾ തുടങ്ങിയവ ചിന്തിക്കുമ്പോൾ നാം എത്ര പേരോടു നന്ദിയുള്ളവരായിരിക്കണം! ചിലർ പറയാറില്ലേ 'ആരും എന്നെ സഹായിക്കാനില്ലായിരുന്നു. ഞാൻ സ്വയം കെട്ടിപ്പടുത്ത ഒരു മനുഷ്യനാണ് (I am a self-made man)' എന്ന്. സത്യത്തിൽ അങ്ങനെയൊരു 'സെൽഫ് മെയ്ഡ് മാൻ' ഇല്ല. നാമെല്ലാം എത്രയോ പേരുടെ കരുണയുടെ, കരുതലിന്റെ ബാക്കിപത്രമാണ്! അതുകൊണ്ടു പൗലൊസ് പറയുന്നു: 'നന്ദിയുള്ളവരായും ഇരിപ്പിൻ' (കൊലൊ. 3:15). പുതുവർഷത്തിന്റെ പടിവാതില്ക്കൽ നിന്നുകൊണ്ടു പിന്നിട്ട വർഷങ്ങളിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ദൈവത്തോടും മനുഷ്യരോടും നാം എത്ര കൃതജ്ഞതാ നിർഭരരായിരിക്കണം!

നാം ദൈവത്താൽ തന്റെ തോട്ടത്തിൽ നടപ്പെട്ട ഒരു വൃക്ഷമാണ് എന്ന ആഴത്തിലുള്ള ബോധ്യം നമുക്ക് ഏറെ സുരക്ഷിതത്വബോധം (security) നൽകും. സുരക്ഷിതബോധത്തിന്റെ അഭാവമാണ് ഇന്ന് ഒട്ടേറെ പേരിലും നിഴലിട്ടു കാണുന്നത്. മത്സരാധിഷ്ഠിതമായ ഇന്നത്തെ ആധുനിക ലോകത്തിൽ ഓരോരുത്തരും അവരവരെത്തന്നെ ഉറപ്പിക്കാൻ ശ്രമിക്കുന്നതു (trying to assert himself) കാണാം. 'കഴി

▶ ശേഷം പേജ് 40

സന്ദേശം

# പുതുവർഷത്തിലേക്ക് സന്തോഷപൂർവ്വം

സാക് പുന്നൻ

"**മനുഷ്യൻ** ശബ്ബത്ത് (അഥവാ മറ്റേതെങ്കിലും നിയമം) നിമിത്തമല്ല. ശബ്ബത്തു മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്" (മർക്കോ. 2:27).

ദൈവത്തിന്റെ എല്ലാ നിയമങ്ങളും നമ്മെ സന്തുഷ്ടരാക്കുവാൻ വേണ്ടിയുള്ളതാണ്. താൻ നേരത്തേ തന്നെ ഉണ്ടാക്കിയ നിയമങ്ങൾ പാലിക്കുവാൻ ചില സൃഷ്ടികൾ വേണമെന്നുള്ളതു കൊണ്ടല്ല ദൈവം മനുഷ്യനെ സൃഷ്ടിച്ചത്; ഒരിക്കലുമല്ല. നേരെ മറിച്ചു മനുഷ്യനെ സൃഷ്ടിച്ചശേഷം അവനു സർവ്വോന്നതവും നിരന്തരവുമായ സന്തുഷ്ടി നൽകുവാൻ വേണ്ടിയാണ് അവിടുന്നു നിയമങ്ങൾ ഉണ്ടാക്കിയത്. ആറാം ദിവസത്തിന്റെ അവസാനത്തിൽ ദൈവം ആദാമിനെ സൃഷ്ടിച്ചു. അങ്ങനെ ഏഴാം ദിവസം അഥവാ ശബ്ബത്ത് മനുഷ്യന്റെ ദിവസത്തിലെ ആദ്യ ദിവസമായിത്തീർന്നു. ആദാമിന് ഒരു ശബ്ബത്തു ലഭിക്കുന്നതിനു മുമ്പ് ആറു ദിവസം വേല ചെയ്യേണ്ടി വന്നില്ല. ദൈവം തന്റെ ദയയിൽ ആറു ദിവസം



*മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കുവാനായി നാം സൂക്ഷിച്ചു വച്ചിട്ടുള്ള കുറ്റാരോപണക്കത്തുകൾ നാം ചുട്ടെരിച്ചു കളയണം.*

> "ആദിയിൽ ദൈവം" എന്ന വാക്കോടു കൂടിയാണു ബൈബിൾ ആരംഭിക്കുന്നത്.
> നമ്മുടെ ജീവിതത്തിൽ നാം ചെയ്യുന്ന എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഇതു സത്യമായിരിക്കണം. നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും ആരംഭത്തിൽ ദൈവം ഉണ്ടായിരിക്കണം. ആദാം ആരംഭിച്ചതു പോലെ നാമും സകലതും ആരംഭിക്കണം. അതായത്, ദൈവത്തെ സേവിക്കുവാൻ ആഗ്രഹിക്കുന്നതിനു മുമ്പു തന്നെ ദൈവവുമായുള്ള കൂട്ടായ്മയാകുന്ന സ്വസ്ഥതിയിലേക്കു നാം പ്രവേശിക്കണം.

വേല ചെയ്യുന്നതിനു മുമ്പു തന്നെ അവന് ഒരു വിശ്രമ ദിവസം നൽകി. ആ ആദ്യ ദിവസം വിശ്രമത്തിന്റെയും ദൈവവുമായുള്ള കൂട്ടായ്മയുടെയും ഒരു ദിവസമായിരുന്നു. തന്റെ സ്രഷ്ടാവുമായുള്ള ആ കൂട്ടായ്മയിൽ നിന്നാണ് അടുത്ത ആറു ദിവസങ്ങളിൽ ദൈവത്തിനു വേണ്ടിയുള്ള ആദാമിന്റെ സേവനം ഉത്ഭവിക്കേണ്ടിയിരുന്നത്. നാമും പിന്തുടരേണ്ട മാതൃക ഇതു തന്നെ. എന്തെന്നാൽ ആദിമുതൽ തന്നെ കാര്യങ്ങൾ ഈ വിധത്തിലായിരിക്കണമെന്നായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം.

''ആദിയിൽ ദൈവം'' എന്ന വാക്കോടു കൂടിയാണു ബൈബിൾ ആരംഭിക്കുന്നത്.

നമ്മുടെ ജീവിതത്തിൽ നാം ചെയ്യുന്ന എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഇതു സത്യമായിരിക്കണം. നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും ആരംഭത്തിൽ ദൈവം ഉണ്ടായിരിക്കണം. ആദാം ആരംഭിച്ചതു പോലെ നാമും സകലതും ആരംഭിക്കണം. അതായത്, ദൈവത്തെ സേവിക്കുവാൻ ആഗ്രഹിക്കുന്നതിനു മുമ്പു തന്നെ ദൈവവുമായുള്ള കൂട്ടായ്മയാകുന്ന സ്വസ്ഥതയിലേക്കു നാം പ്രവേശിക്കണം.

മാർത്ത കർത്താവിനെ ശുശ്രൂഷിച്ചു. എങ്കിലും അവൾ ഒരു അസ്വസ്ഥതയുടെ (വിക്ഷോഭത്തിന്റെ) ആത്മാവിൽ അതു ചെയ്തതു കൊണ്ടു കർത്താവ് അവളെ ശാസിച്ചു (ലൂക്കൊ. 10:38-42). എന്നാൽ മറിയ സ്വസ്ഥതയിലായിരുന്നു. "ഒന്നു മതി'' എന്നു കർത്താവു പറഞ്ഞ കാര്യം ഇതായിരുന്നു.

ഇന്ന് ഒട്ടധികം പേർ കർത്താവിനെ സേവിക്കുന്നുണ്ട്. എങ്കിലും തങ്ങളുടെ ആന്തരിക ജീവിതത്തിൽ കർത്താവുമായുള്ള കൂട്ടായ്മയുടെ വിശ്രാന്തി അഥവാ ശബ്ബത്തനുഭവം അവർ അറിയുന്നില്ല. അങ്ങനെ അവർ നിയമാധിഷ്ഠിതമായ ഒരാത്മാവിൽ കർത്താവിനെ സേവിക്കുന്നു. സ്വന്തം പ്രവൃത്തികളിൽ നിന്ന് അവർ വിരമിക്കുന്നതുമില്ല (എബ്രാ. 4:10).

പുതിയ നിയമം ദൈവജനത്തിനുള്ള ഒരു ശബ്ബത്തനുഭവത്തെപ്പറ്റി പറയുന്നു (എബ്രാ. 4:9). പുതിയ നിയമത്തിലെ ഈ ശബ്ബത്തനുഭവം എന്തിനെയാണ് കുറിക്കുന്നത്?

പഴയ നിയമ വ്യവസ്ഥയിൽ ദൈവം യെഹൂദന്മാർക്കു പലതരം ശബ്ബത്തുകൾ നൽകിയിരുന്നു. ആഴ്ച തോറുമുള്ള ശബ്ബത്തു ദിവസം പ്രസിദ്ധമാണല്ലോ. ഇതു കൂടാതെ ഇത്ര

ശബ്ബത്താണ്ടുകൾ വലിയ അനുഗ്രഹത്തിന്റെയും സന്തോഷത്തിന്റെയും അവസരങ്ങളായിരുന്നു. ജൂബിലി എന്ന പദത്തിനു സന്തോഷഘോഷം എന്നാണർത്ഥം. ഒരു ജൂബിലി വർഷം സന്തോഷ ഘോഷം നിറഞ്ഞ ഒരു വർഷമാകേണ്ടത് ആവശ്യമത്രേ. കാരണം, അന്ന് എല്ലാ കടങ്ങളും മോചിതമാകുന്നു. എല്ലാ കടക്കാരും സ്വതന്ത്രരായിത്തീരുന്നു. അതിനാൽ യഹോവ യിസ്രായേൽ ജനങ്ങളോട് ആ വർഷത്തെ സംബന്ധിച്ച് – അത് എത്ര സന്തോഷകരമായ ഒരു വർഷം! – എന്ന് അരുളിച്ചെയ്തിരിക്കുന്നു (ലേവ്യ 25:11 ലിവിംഗ് ബൈബിൾ). ഇപ്പോൾ പുതിയ നിയമത്തിൽ കീഴിൽ നാം ആഴ്ചയിലെ ഓരോ ദിവസത്തിലും ശബ്ബത്തു ദിനം ആഘോഷിക്കുന്നു. എന്തെന്നാൽ ഓരോ ദിവസവും യഹോവയ്ക്കു വിശുദ്ധം തന്നെ.

അതുപോലെ ഓരോ വർഷത്തെയും നാം ശബ്ബത്തു വർഷമായി കൊണ്ടാടുന്നു. എന്തെന്നാൽ ഓരോ വർഷവും ഒരു ജൂബിലി വർഷം അതായത്, നമുക്കു ദോഷം ചെയ്കയും നമ്മെ വഞ്ചിക്കയും ചെയ്ത എല്ലാവരോടും നാം ക്ഷമിക്കുകയും അവരെ വിമോചിപ്പിക്കയും ചെയ്യുന്ന സന്തോഷ വർഷമാണ്. അങ്ങനെ നമ്മുടെ ജീവിതത്തിലെ ഓരോ വർഷവും സന്തോഷകരമായ വർഷം തന്നെ. എന്തെന്നാൽ ഓരോ വർഷവും നമുക്കു ജൂബിലി വർഷമാണ്.

ജൂബിലി വർഷത്തിൽ ഓരോരുത്തനും തന്റെ കുടുംബത്തിലേക്കു മടങ്ങിപ്പോകണമെന്നു ദൈവം കല്പിച്ചിരിക്കുന്നു (ലേവ്യ. 25:10). ക്രിസ്തുവിന്റെ ശരീരത്തിൽ ഏതു കാരണവശാലെങ്കിലും സ്വന്തം സഹോദരീസഹോദരന്മാരിൽ നിന്ന് യും അറിയപ്പെടാത്ത മറ്റു ചില ശബ്ബത്തുകളുമുണ്ട്. അവയിലൊന്ന് ഓരോ ആറു വർഷം കഴിയുമ്പോഴും വന്നു ചേരുന്ന ശബ്ബത്തു വർഷം ആയിരുന്നു (ലേവ്യ. 25:2–4). മറ്റൊന്ന് 50–ാം വർഷം വന്നു ചേരുന്ന ശബ്ബത്താണ്. 7 ശബ്ബത്തു സംവത്സരങ്ങൾ അതായത് 49 വർഷം കഴിയുമ്പോഴാണ് ഇതു വന്നിരുന്നത്. ഈ 50–ാം വർഷ ശബ്ബത്തിനെ ജൂബിലി വർഷം അഥവാ യോബേൽ സംവത്സരം എന്നു വിളിച്ചിരുന്നു (ലേവ്യ. 25:8–12).

ജൂബിലി വർഷത്തിൽ യിസ്രായേൽ മക്കൾ ദേശത്തു മുഴുവൻ എല്ലാ കടക്കാർക്കും സ്വാതന്ത്ര്യം പ്രഖ്യാപിക്കേണ്ടിയിരുന്നു. എല്ലാ കടങ്ങളും റദ്ദായിത്തീരുന്ന ഒരു സമയമായിരുന്നു അത്. (ലേവ്യ. 25:10 ലിവിംഗ് ബൈബിൾ).

ഓരോ 7 വർഷം കൂടുന്ന സമയത്തും എല്ലാ കടങ്ങളുടെയും റദ്ദാക്കൽ ദൈവം കല്പിച്ചിരുന്നു. അന്നു കടം കൊടുത്തിട്ടുള്ള എല്ലാ ആളുകളും തങ്ങളുടെ കൈവശമുള്ള പ്രോമിസറി നോട്ടുകളിൽ "മുഴുവൻ തുകയും തന്നു തീർത്തിരിക്കുന്നു" എന്ന് എഴുതേണ്ടത് ആവശ്യമായിരുന്നു. കാരണം, ദൈവം എല്ലാവരെയും തങ്ങളുടെ കടബാധ്യതയിൽ നിന്നു മോചിപ്പിച്ചിരിക്കുന്നു (ലേവ്യ. 25:1–10 ശ്രദ്ധാപൂർവ്വം വായിക്കുക).

ആളുകൾ തങ്ങളുടെ കടക്കാരെ സ്വതന്ത്രരാക്കുന്ന കാര്യത്തിൽ ദൈവത്തിനും വലിയ താൽപര്യം ഉണ്ടായിരുന്നു. ഈ കാരണത്താലാണ് അവിടുന്നു രണ്ടു ശബ്ബത്താണ്ടുകൾ സ്ഥാപിച്ചത്: ഒന്ന് ഓരോ ഏഴാം വർഷത്തിലും മറ്റത് ഓരോ അമ്പതാം വർഷത്തിലും. ഈ വർഷങ്ങളിൽ എല്ലാ കടക്കാർക്കും വിമോചനം നൽകിയിരുന്നു.

അകന്നിരുന്നവർ ഇപ്പോൾ ദൈവിക കുടുംബത്തിലേക്കു മടങ്ങിപ്പോകണം. പുതിയ നിയമത്തിൻ കീഴിൽ ദൈവത്തിന്റെ കൽപന ഇതാണ്. എല്ലാ കടവും (പാപവും) ക്ഷമിക്കപ്പെടണം. എല്ലാ അടിമകളും (ആരിൽ നിന്നു നാം ചിലതെല്ലാം അവകാശപ്പെടുന്നുവോ അവർ) വിമോചിതരാകണം. ഇതും ദൈവത്തിന്റെ കല്പനയത്രേ. അപ്പോൾ മാത്രമേ ഓരോ വർഷവും നമുക്കു സന്തുഷ്ട വർഷമാവുകയുള്ളു.

നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്തവനോടുള്ള നന്ദിയുടെ അടയാളമായി മറ്റുള്ളവരോടു നാം ഹൃദയപൂർവം ക്ഷമിക്കുക എന്നതു നമുക്കു ചെയ്യാവുന്ന ഏറ്റവും ചെറിയ കാര്യമാണ്. ദൈവം നമ്മോടു ക്ഷമിച്ചിട്ടുള്ളത് അത്രയധികമാണ്.

ഹിസ്കിയാ രാജാവിനെപ്പറ്റി ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. മരണകരമായ രോഗത്തിൽ നിന്നു ദൈവം അദ്ദേഹത്തിന് അത്ഭുത സൗഖ്യം നൽകിയ ശേഷം തനിക്കു ലഭിച്ച ആ വലിയ നന്മയ്ക്കു പകരമായി അദ്ദേഹം ദൈവത്തോടു നന്ദി കാണിച്ചില്ല (2 ദിന. 32:24,25). ദൈവം തനിക്കു നൽകിയ അനുഗ്രഹത്തിന്റെ വലിയ അളവിനൊത്തവണ്ണം അദ്ദേഹം ദൈവത്തിനു പകരം കൊടുത്തില്ല.

നമ്മുടെ കാര്യം എങ്ങനെ? നാം ദൈവത്തിൽ നിന്നു പ്രാപിച്ച അനുഗ്രഹത്തിന്റെ അതേ അളവിൽ നാം ദൈവത്തിന് എന്തെങ്കിലും നൽകിയിട്ടുണ്ടോ? ദൈവം നമ്മോടു സൗജന്യമായി ക്ഷമിച്ചതുപോലെ നാമും മറ്റുള്ളവരോടു ക്ഷമിച്ചിട്ടുണ്ടോ? എല്ലാ ആളുകളോടും, ഏതെങ്കിലും ഒരാളോടെങ്കിലും, നാം ക്ഷമിക്കാതിരുന്നിട്ടുണ്ടോ?

ഹിസ്കിയാവു നിഗളവും നന്ദികേടും കാട്ടുക നിമിത്തം അടുത്ത 15 വർഷങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും മോശമായ കാലഘട്ടമായിത്തീർന്നു. ആ കാലത്ത് അദ്ദേഹത്തിന് ഒരു മകൻ – മനശ്ശെ– ജനിച്ചു. യഹൂദയിൽ എക്കാലവും ഉണ്ടായിരുന്ന രാജാക്കന്മാരിൽ ഏറ്റവും അധമനായ രാജാവ് അദ്ദേഹമായിരുന്നു (2 രാജാ. 21:11). ഒരു ആത്മീയ നവോത്ഥാനത്തോടു കൂടി ഭരണമാരംഭിച്ച ഹിസ്കിയാവു ദുഃഖകരമായ വിധം ജീവിതം അവസാനിപ്പിച്ചു.

നാം മറ്റുള്ളവരോടു ക്ഷമിക്കുകയും അവരെ വിമോചിപ്പിക്കുകയും ചെയ്യാതിരുന്നാൽ ഭൂമിയിൽ നമ്മുടെ അവശിഷ്ട വർഷങ്ങൾ വാസ്തവമായും മോശമായിത്തീരും.

ദൈവം നമ്മോടു കരുണ കാണിച്ചതുപോലെ മറ്റുള്ളവരോട് കരുണ കാട്ടുവാനാണ് ദൈവം നമ്മെ വിളിച്ചിട്ടുള്ളത്. 'ദൈവം നമ്മോടു ചെയ്തതുപോലെ' എന്ന പദപ്രയോഗം എല്ലാ മനുഷ്യവ്യക്തികളോടുമുള്ള നമ്മുടെ പെരുമാറ്റത്തിൽ എക്കാലവും മനസ്സിൽ സൂക്ഷിക്കേണ്ട പ്രമാണമായിരിക്കണം.

ദൈവത്തിൽ നിന്നു നാം സൗജന്യമായി വളരെയധികം പ്രാപിച്ചിട്ടുണ്ട്. അതിനാൽ നാം മറ്റുള്ളവർക്കും സൗജന്യമായി നൽകേണ്ടതാണ് (മത്താ. 10:8). ലുബ്ധനെപ്പോലെ പിശുക്കോടെയല്ല, വിശാലഹൃദയത്തോടെ ഔദാര്യപൂർവ്വമാണ് നാമതു ചെയ്യേണ്ടത്. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ നാം കൈമുറുക്കി കർശനമായി പെരുമാറുന്ന പക്ഷം ദൈവവും ആ വിധം തന്നെ നമ്മോടു പെരുമാറും (സങ്കീ. 18:25,26).

ദൈവം ഏറ്റവും സൗജന്യമായി നമ്മോടു ക്ഷമ കാട്ടിയതിന്റെ അത്ഭു

താവഹത്വം നാം ഒരിക്കലും വിസ്മരിച്ചു കളയരുത്. കാൽവറിയിലെ ക്രൂശിൽ നമുക്കുവേണ്ടി അവിടുന്നു ചെയ്തതിനെക്കുറിച്ചുള്ള നന്ദിയുടെ ഒരു പ്രകാശനമായിട്ടാണ് നമ്മുടെ മുഴുവൻ ജീവിതവും തീരേണ്ടത്.

ന്യായപ്രമാണത്തിൻ കീഴിൽ ന്യായവിധിയെപ്പറ്റിയുള്ള ഭീതി നിമിത്തമാണ് ജനങ്ങൾ ദൈവത്തെ സേവിച്ചിരുന്നത്. എന്നാൽ കൃപാവ്യവസ്ഥയിൽ നന്ദിയുടെ പ്രേരകശക്തി മൂലമാണ് അപ്രകാരം ചെയ്യുന്നത്.

മത്താ. 18:25–35 വാക്യങ്ങളിൽ യേശു തന്റെ ശിഷ്യന്മാരോട് ഒരു ഉപമ പറയുന്നതായി നാം കാണുന്നു. തന്റെ ഒരു ഭൃത്യന് 30 കോടി രൂപയുടെ കടം ഇളച്ചു കൊടുത്ത ദയാലുവായ ഒരു രാജാവിന്റെ കഥയാണത്.

ഈ ഭൃത്യന്റെ കടം തന്റെ ജീവിതകാലത്തോ വരും തലമുറകളിൽപ്പോലുമോ അവനു വീട്ടുവാൻ കഴിയാതെവണ്ണം അത്ര വലുതായിരുന്നു. അതിനാൽ തനിക്ക് ആ കടം ഇളച്ചുതന്നതിന് അവൻ ഏറ്റവുമധികം നന്ദി കാട്ടേണ്ടത് ആവശ്യമായിരുന്നു.

എന്നാൽ തനിക്കു ലഭിച്ച അതേ അളവിൽ അവൻ മറ്റുള്ളവരോടു കരുണ കാണിച്ചില്ല. തന്റെ യജമാനന്റെ സന്നിധിയിൽ നിന്നു പുറപ്പെട്ടു പോന്ന ശേഷം ഉടൻ തന്നെ തനിക്ക് അറുപതിനായിരം രൂപാ കടമ്പെട്ട ഒരുവന്റെ വീട്ടിൽ അവൻ ചെന്നെത്തി.

60,000 രൂപായെന്നത് വേഗത്തിൽ മറന്നു കളയാവുന്ന ഒരു ചെറിയ തുകയല്ല. എന്നാൽ തനിക്ക് ഇളച്ചു കിട്ടിയ 30,00,00,000 എന്ന മഹാസമുദ്രത്തോടു താരതമ്യപ്പെടുത്തിയാൽ അതൊരു ചെറുതുള്ളി മാത്രമായിരുന്നു. എന്നാൽ ഈ മനുഷ്യൻ എന്താണ് ചെയ്തത്? അവൻ ആ മനുഷ്യനെ തൊണ്ടയ്ക്കു പിടിച്ചു ഞെക്കി ഉടൻ കടം വീട്ടുവാനാവശ്യപ്പെട്ടു. ആ മനുഷ്യനു വീട്ടുവാൻ കഴിവില്ലാഞ്ഞതിനാൽ അയാളെ അറസ്റ്റു ചെയ്തു ജയിലിലാക്കുവാൻ അവൻ നടപടി സ്വീകരിച്ചു. ഈ കാര്യത്തെപ്പറ്റി രാജാവിന് അറിവു കിട്ടി. അദ്ദേഹം വേഗത്തിൽ ആ നിർദ്ദയനെ വരുത്തി 'ദുഷ്ട മനുഷ്യാ' എന്നു വിളിച്ചു ശാസിച്ച ശേഷം തന്റെ മുഴുവൻ തുകയും വീട്ടുന്നതു വരെ അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ എൽപിച്ചു.

കഥ പറഞ്ഞ ശേഷം യേശു കൂട്ടിച്ചേർത്തു: "നിങ്ങൾ ഓരോരുത്തൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെ തന്നെ നിങ്ങളോടും ചെയ്യും" (വാ. 35).

ദൈവം ഏറ്റവും സൗജന്യമായി നമ്മോടു ക്ഷമ കാട്ടിയതിന്റെ അത്ഭുതാവഹത്വം നാം ഒരിക്കലും വിസ്മരിച്ചു കളയരുത്. കാൽവറിയിലെ ക്രൂശിൽ നമുക്കുവേണ്ടി അവിടുന്നു ചെയ്തതിനെക്കുറിച്ചുള്ള നന്ദിയുടെ ഒരു പ്രകാശനമായിട്ടാണ് നമ്മുടെ മുഴുവൻ ജീവിതവും തീരേണ്ടത്.

ന്യായപ്രമാണത്തിൻ കീഴിൽ ന്യായവിധിയെപ്പറ്റിയുള്ള ഭീതി നിമിത്തമാണ് ജനങ്ങൾ ദൈവത്തെ സേവിച്ചിരുന്നത്. എന്നാൽ കൃപാവ്യവസ്ഥയിൽ നന്ദിയുടെ പ്രേരകശക്തി മൂലമാണ് അപ്രകാരം ചെയ്യുന്നത്.

**മത്തായി 6:9-13 വാക്യങ്ങളിൽ കർത്താവു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന നാൾതോറും പ്രാർത്ഥിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള താണെന്നു വ്യക്തമാണ്. ഞങ്ങൾക്ക് ഇന്ന് ആവശ്യമായ ആഹാരം നൽകണമേ എന്ന പ്രാർത്ഥന അതിനു തെളിവാണ ല്ലോ. അങ്ങനെയെങ്കിൽ "ഞങ്ങ ളുടെ കടക്കാരോടു ഞങ്ങൾ ക്ഷമി ക്കുന്നതുപോലെ ഞങ്ങളുടെ കട ങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ." എന്ന പ്രാർത്ഥ നയും നാൾതോറും പ്രാർത്ഥി ക്കേണ്ട ഒന്നു തന്നെ. നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും പ്രാർത്ഥിക്കേണ്ടതാണത്. കാരണം, ഓരോ ദിവസവും ആരെങ്കിലും ചിലർ അറിഞ്ഞുകൊണ്ടോ അറിയാതെയോ നമുക്കു ദോഷം ചെയ്യാൻ സാധ്യതയുണ്ട്.**

നാം മറ്റുള്ളവരോടു ക്ഷമിക്കുന്നില്ലെങ്കിൽ താൻ ഒരിക്കൽ നമുക്കു നൽകിയ പാപക്ഷമ ദൈവം പിൻവലിക്കുമെന്നും താൻ ഒരിക്കൽ മായിച്ചു കളഞ്ഞതും ഇനി താൻ ഓർക്കുകയില്ലെന്നു കൽപിച്ചതുമായ പാപങ്ങൾക്കു നമ്മോടു പകരം ചോദിക്കുമെന്നും ഈ ഉപമ നമ്മെ പഠിപ്പിക്കുന്നു. ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നത് നാം മറ്റുള്ളവരോടു ക്ഷമിക്കുന്നുവോ എന്ന വ്യവസ്ഥയ്ക്കു വിധേയമായിട്ടാണ്.

മത്താ. 6:9-13 വാക്യങ്ങളിൽ കർത്താവു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന നാൾതോറും പ്രാർത്ഥിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നു വ്യക്തമാണ്. ഞങ്ങൾക്ക് ഇന്ന് ആവശ്യമായ ആഹാരം നൽകണമേ എന്ന പ്രാർത്ഥന അതിനു തെളിവാണല്ലോ. അങ്ങനെയെങ്കിൽ "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ." എന്ന പ്രാർത്ഥനയും നാൾതോറും പ്രാർത്ഥിക്കേണ്ട ഒന്നു തന്നെ. നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും പ്രാർത്ഥിക്കേണ്ടതാണത്. കാരണം, ഓരോ ദിവസവും ആരെങ്കിലും ചിലർ അറിഞ്ഞുകൊണ്ടോ അറിയാതെയോ നമുക്കു ദോഷം ചെയ്യാൻ സാധ്യതയുണ്ട്.

യേശുക്രിസ്തു കാൽവറിയിൽ വച്ചു മരിച്ചപ്പോൾ നമ്മുടെ പാപങ്ങളുടെ ചീട്ട് അവിടുന്നു റദ്ദു ചെയ്യുകയും നമുക്കെതിരെ ഉണ്ടായിരുന്ന കുറ്റാരോപണങ്ങളുടെ കൈയെഴുത്തു മായിച്ചു കളയുകയും ചെയ്തു (കൊലൊ. 2:14). നമ്മോടു കുറ്റം ചെയ്തിട്ടുള്ളവരോട് ഇതേ കാര്യം തന്നെ നാം ചെയ്തിട്ടുണ്ടോ? അതോ നാം മറ്റുള്ളവരുടെ മേൽ കുറ്റമാരോപിക്കുന്ന എഴുത്തുകളും മറ്റുള്ളവർ നമ്മോടു ചെയ്ത ദ്രോഹത്തിന്റെ ഓർമ്മകളും സൂക്ഷിച്ചു വച്ചിരിക്കുന്നുവോ? അങ്ങനെയെങ്കിൽ ക്ഷമിക്കുവാൻ നാം പഠിക്കുന്നതു വരെ ദൈവത്തിനു നമ്മെയും നമ്മുടെ കുടുംബാംഗങ്ങളെയും ദണ്ഡിപ്പിക്കുന്ന അശുദ്ധാത്മാക്കളുടെ പക്കൽ ഏൽപ്പിക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല.

ഈ ഉപമയിലെ രാജാവ് ആഗ്രഹി

ച്ചത് തന്റെ ഭൃത്യൻ നന്ദി നിമിത്തം മറ്റുള്ളവരോടു കരുണ കാണിക്കണമെന്നാണ്, തനിക്കു ലഭിച്ച നന്മകൾ നിമിത്തമുള്ള നന്ദിയിൽ നിന്ന് കനിവു കാണിക്കുവാൻ ആ ഭൃത്യൻ പരാജയപ്പെട്ടപ്പോഴാണ് രാജാവു ദണ്ഡനമാകുന്ന രണ്ടാമത്തെ മാർഗ്ഗം സ്വീകരിച്ചത്. ദൈവവും അപ്രകാരം തന്നെ. താൻ നമുക്കുവേണ്ടി ചെയ്തതിനെപ്പറ്റിയുള്ള നന്ദി മൂലം നാം മറ്റുള്ളവരോടു ക്ഷമിക്കണമെന്നാണ് ആദ്യമേ തന്നെ അവിടുന്നു പ്രതീക്ഷിക്കുന്നത്. കൃപയുടെ വിളിക്കു നാം പ്രതികരിക്കാത്തപ്പോഴാണ് നിയമത്തിന്റെ ഭീഷണിക്കെങ്കിലും നാം പ്രതികരിക്കുമെന്ന പ്രതീക്ഷയിൽ ദൈവം നമ്മെ നിയമത്തിന് അധീനരാക്കിത്തീർക്കുന്നത്. അങ്ങനെ ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ ഏൽപ്പിച്ചിട്ടു മറ്റുള്ളവരോടു ക്ഷമിക്കുവാൻ അവിടുന്നു നമ്മെ പഠിപ്പിക്കുന്നു.

ഒട്ടധികം വിശ്വാസികൾ ദൈവത്തിന്റെ സ്വസ്ഥതയിൽ പ്രവേശിക്കാതെ തങ്ങളുടെ പെരുമാറ്റത്തിൽ അസ്ഥിരരും അവിശ്വസ്തരുമായി പലപ്പോഴും വിഷണ്ണരും മുഖം വാടിയവരും നിരാശരും ക്ഷോഭാധീനരുമായിത്തീരുന്നത് അവർ മറ്റുള്ളവരോടു ക്ഷമിക്കാത്തതു മൂലമാണ്. അവരുടെ ആത്മാക്കളുടെ മേൽ ദണ്ഡകന്മാർ പ്രവർത്തിക്കുന്നുണ്ട്.

മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കുവാനായി നാം സൂക്ഷിച്ചു വച്ചിട്ടുള്ള കുറ്റാരോപണക്കത്തുകൾ നാം ചുട്ടെരിച്ചു കളയണം. ഒരിക്കലും എന്തു പ്രകോപനമുണ്ടായാലും മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കുവാൻ പഴയ കയ്യെഴുത്തുകൾ ഉപയോഗിക്കുകയില്ലെന്ന് ഉറച്ച ഒരു തീരുമാനം നാം ചെയ്യണം.

**തനിക്കു ലഭിച്ച നന്മകൾ നിമിത്തമുള്ള നന്ദിയിൽ നിന്ന് കനിവു കാണിക്കുവാൻ ആ ഭൃത്യൻ പരാജയപ്പെട്ടപ്പോഴാണ് രാജാവു ദണ്ഡനമാകുന്ന രണ്ടാമത്തെ മാർഗ്ഗം സ്വീകരിച്ചത്. ദൈവവും അപ്രകാരം തന്നെ. താൻ നമുക്കുവേണ്ടി ചെയ്തതിനെപ്പറ്റിയുള്ള നന്ദി മൂലം നാം മറ്റുള്ളവരോടു ക്ഷമിക്കണമെന്നാണ് ആദ്യമേ തന്നെ അവിടുന്നു പ്രതീക്ഷിക്കുന്നത്. കൃപയുടെ വിളിക്കു നാം പ്രതികരിക്കാത്തപ്പോഴാണ് നിയമത്തിന്റെ ഭീഷണിക്കെങ്കിലും നാം പ്രതികരിക്കുമെന്ന പ്രതീക്ഷയിൽ ദൈവം നമ്മെ നിയമത്തിന് അധീനരാക്കിത്തീർക്കുന്നത്.**

പഴയ നിയമ വ്യവസ്ഥയിൽ 50 വർഷത്തിലൊരിക്കൽ മാത്രമേ അവർക്ക് ഒരു സന്തുഷ്ട (ജൂബിലി) വർഷം ലഭിച്ചിരുന്നുള്ളു. നമുക്കാകട്ടെ, നമ്മുടെ ജീവിതത്തിലെ ഓരോ വർഷത്തിലും പുതിയ നിയമ വ്യവസ്ഥയിൽ ജൂബിലി വർഷം ലഭിക്കുന്നതിനാൽ നാമെത്രയധികം സന്തുഷ്ടരാണ്.!

ക്ഷമിക്കാത്ത ഒരു മനോഭാവം, നാം ആരോടാണോ ക്ഷമിക്കാതിരുന്നത് അവർക്ക് എന്തെങ്കിലും ദോഷം വന്നു കാണുവാൻ ആഗ്രഹിക്കുന്ന ഒന്നായി ക്രമേണ തീരും. മറ്റൊരാൾക്കു നിങ്ങൾ ദോഷമാഗ്രഹിക്കു

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന പരീശന്മാർ ആ സാധു സ്ത്രീയെ കല്ലെറിയുവാൻ തുടങ്ങിയിരുന്നെങ്കിൽ യേശു തന്നെ ആ സ്ത്രീയുടെ മുമ്പിൽ നിന്ന് ആ കല്ലേറുകൾ തന്റെമേൽ ഏൽക്കുകയും "ആദ്യം എന്നെ കൊന്നുകൊൾവിൻ" എന്നു പറയുകയും ചെയ്യുമായിരുന്നു. അതാണ് കാൽവറിയിൽ നമുക്കുവേണ്ടി അവിടുന്നു ചെയ്തത്. അവിടുന്നു നമുക്കു മുമ്പിൽ നിന്നുകൊണ്ടു നാം ഏൽക്കേണ്ടിയിരുന്ന കല്ലേറുകൾ ഏൽക്കുകയാണുണ്ടായത്.

ന്നത് അയാളെ ശപിക്കുന്നതിനു തുല്യമാണ്. യേശു സകല ലോകത്തിന്റെയും ശാപം തന്റെ മേൽ ഏറ്റെടുത്തതായി ഗലാത്യർ 3:13ൽ നാം വായിക്കുന്നു. അതിനാൽ നാം മറ്റൊരാളെ ശപിക്കുമ്പോൾ എല്ലാവരുടെയും ശാപം തന്റെമേൽ ഏറ്റെടുത്ത യേശുവിനെത്തന്നെയാണ് വാസ്തവത്തിൽ നാം ശപിക്കുന്നത്. അടുത്ത പ്രാവശ്യം മറ്റൊരാൾക്കോ അയാളുടെ മക്കൾക്കോ നാം ദോഷമാശ്രഹിക്കുമ്പോൾ ഈ കാര്യം ചിന്തിച്ചുകൊള്ളുക.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന പരീശന്മാർ ആ സാധു സ്ത്രീയെ കല്ലെറിയുവാൻ തുടങ്ങിയിരുന്നെങ്കിൽ യേശു തന്നെ ആ സ്ത്രീയുടെ മുമ്പിൽ നിന്ന് ആ കല്ലേറുകൾ തന്റെമേൽ ഏൽക്കുകയും "ആദ്യം എന്നെ കൊന്നുകൊൾവിൻ" എന്നു പറയുകയും ചെയ്യുമായിരുന്നു. അതാണ് കാൽവറിയിൽ നമുക്കുവേണ്ടി അവിടുന്നു ചെയ്തത്. അവിടുന്നു നമുക്കു മുമ്പിൽ നിന്നുകൊണ്ടു നാം ഏൽക്കേണ്ടിയിരുന്ന കല്ലേറുകൾ ഏൽക്കുകയാണുണ്ടായത്. യേശുവിന്റെ ആത്മാവു പുതിയ നിയമത്തിന്റെ ആത്മാവാണ്. അതു പരീശമനോഭാവത്തിനു നേർ വിരുദ്ധമായിട്ടുള്ളതാണ്. ക്രിസ്തുവിന്റെ മനോഭാവമുള്ള ഒരുവനു മാത്രമേ നിരന്തര സന്തുഷ്ടിയുടെ ഒരു ജീവിതത്തിലേക്കു കടക്കുവാൻ കഴിയൂ.

ഏതാണ്ടു നാൽപതു വർഷം മുമ്പു കൊറിയയിൽ താമസിച്ചിരുന്ന ഒരു ഭക്തനായ ക്രിസ്ത്യാനിയുടെ കഥ ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ചെറുപ്പക്കാരനായ മകനെ ഒരു കമ്യൂണിസ്റ്റു യുവാവു വെടിവച്ചു കൊന്നു. ആ ദൈവഭക്തനായ പിതാവു തന്റെ മകന്റെ കൊലയാളിയെ തിരക്കിക്കണ്ടു പിടിച്ച് അയാളോടു ക്ഷമിക്കുക മാത്രമല്ല, തന്റെ സ്വന്തം മകനായി അയാളെ ദത്തെടുത്തു വളർത്തുകയുംകൂടെ ചെയ്തു. ക്രൂശിന്റെ ഉപദേശം മാത്രം അറിയുന്നവരെക്കാൾ എത്രയോ അധികമായി ക്രൂശിന്റെ മാർഗ്ഗമെന്തെന്ന് അത്തരമൊരു മനുഷ്യന് അറിയാമായിരുന്നു. ക്രൂശിന്റെ മാർഗ്ഗം ഒരു ഉപദേശമെന്ന രീതിയിൽ യേശു പഠിപ്പിച്ചില്ല. തന്റെ ജീവിതകാലം മുഴുവൻ അവിടുന്ന് ആ മാർഗ്ഗത്തിലൂടെ ജീവിച്ചു. തന്നെ ദ്വേഷിച്ചവരെ രക്ഷിക്കുവാൻ വേണ്ടി തന്റെ ജീവരക്തം കൊടുക്കുവാൻ തക്കവണ്ണം അവി

ടുന്ന് അത്രയധികം അവരെ സ്നേഹിച്ചു. നമുക്കു നടക്കുവാൻ വേണ്ടി അവിടുന്നു തുറന്നു തന്ന ജീവനുള്ള പുതുവഴി ഇതാണ്.

ഇപ്പോൾ യേശുവിന്റെ കാൽപ്പാടുകളിൽ നടക്കുവാൻ – നമ്മെ ശപിക്കുന്നവർക്കു ദോഷമാഗ്രഹിച്ചുകൊണ്ട് അവരുടെമേൽ ശാപം ചൊരിയുവാനല്ല, അവരെ അനുഗ്രഹിക്കുവാൻ തന്നെ – നാം വിളിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവർക്കു ദോഷമാഗ്രഹിച്ചും അവരെ ശപിച്ചും പരാതി പറഞ്ഞും അവരെപ്പറ്റി ദൂഷണം പറഞ്ഞുംകൊണ്ടു സഞ്ചരിക്കുന്ന ആളുകളാൽ നിറയപ്പെട്ടതാണ് ഈ ലോകം. അതിനു പകരം നാം പോകുന്നിടത്തെല്ലാം ആളുകൾക്കു നന്മ ചെയ്തും അവരെ അനുഗ്രഹിച്ചും അവരെ സ്വതന്ത്രരാക്കിയും കൊണ്ട് നമുക്കു സഞ്ചരിക്കാം.

ശപിക്കപ്പെട്ട ഒരു വ്യക്തി മാത്രമേ താൻ പോകുന്നിടത്തെല്ലാം മറ്റുള്ളവരെ മുറിപ്പെടുത്തുകയുള്ളു. ആദാമ്യ സന്തതികളിൽ ഭൂരിപക്ഷവും ഇങ്ങനെയാണ് ജീവിക്കുന്നത്. മറ്റുള്ളവർക്കു ദോഷമാഗ്രഹിക്കുവാൻ മാത്രമേ അവർക്കറിയാവൂ. തങ്ങളുടെ പരുഷ വാക്കുകൾ കൊണ്ട് അന്യരെ മുറിപ്പെടുത്തുകയും പരദൂഷണത്താൽ അവരെ മലിനപ്പെടുത്തുകയുമാണ് അവർ ചെയ്യുന്നത്. നിർഭാഗ്യവശാൽ പല വിശ്വാസികൾ പോലും ഈ വിധത്തിൽ ജീവിക്കുകയും അങ്ങനെ ഒന്നുകിൽ തങ്ങളുടെ മാനസാന്തരം വ്യാജമായിരുന്നെന്നോ അല്ലെങ്കിൽ രക്ഷ നഷ്ടപ്പെടുമാറുള്ള ഒരവസ്ഥയിലേക്കു തങ്ങൾ പിന്മാറിയിരിക്കുന്നുവെന്നോ തെളിയിക്കുകയും ചെയ്യുന്നു.

അത്തരം പരിതാപകരമായ ഒരു ജീവിതത്തിൽ നിന്നു വിടുതൽ പ്രാപിക്കുവാൻ നമുക്കു കഴിയും എന്നതാണ് സുവിശേഷം. നമ്മിൽ നിന്നും ജീവജല നദികൾ നിരന്തരം ഒഴുകുകയും നാം കണ്ടുമുട്ടുന്ന എല്ലാ കുടുംബങ്ങൾക്കും ഒരനുഗ്രഹമായിത്തീരുകയും ചെയ്യുന്ന ഒരവസ്ഥയിലേക്കു നമുക്കു വന്നു ചേരാം.

**ദൈവം നമ്മോടു കരുണാപൂർണ്ണനായിരുന്നതുപോലെ നമുക്കും കരുണാപൂർണ്ണരാകാം. ദൈവം നമ്മെ വിടുവിച്ചതുപോലെ നമുക്കും മറ്റുള്ളവരെ വിടുവിക്കാം. ദൈവം നമ്മെ അനുഗ്രഹിച്ചതുപോലെ നമുക്കും അന്യരെ അനുഗ്രഹിക്കാം. ദൈവം നമുക്കു സൗജന്യമായി നൽകിയതുപോലെ നമുക്കും സൗജന്യമായി നൽകാം. ദൈവം നമ്മോടു വിശാലഹൃദയനായിരുന്നതുപോലെ നമുക്കും വിശാല ഹൃദയരായിരിക്കാം.**

ദൈവം നമ്മോടു കരുണാപൂർണ്ണനായിരുന്നതുപോലെ നമുക്കും കരുണാപൂർണ്ണരാകാം.

ദൈവം നമ്മെ വിടുവിച്ചതുപോലെ നമുക്കും മറ്റുള്ളവരെ വിടുവിക്കാം.

ദൈവം നമ്മെ അനുഗ്രഹിച്ചതുപോലെ നമുക്കും അന്യരെ അനുഗ്രഹിക്കാം. ദൈവം നമുക്കു സൗജന്യമായി നൽകിയതുപോലെ നമുക്കും സൗജന്യമായി നൽകാം.

**തന്റെ ഭൗമിക ജീവിത കാലത്ത് ഒരിക്കൽപോലും പാപം ചെയ്തിട്ടില്ലാത്ത യേശു കാൽവറിയിലെ തന്റെ മരണത്തിനുശേഷം തന്റെ ജീവിതകാലം മുഴുവൻ പാപത്തിൽ ജീവിച്ചവനും മാനസാന്തരപ്പെട്ടവനുമായ ഒരു കള്ളനോടൊരുമിച്ചാണു പറുദീസയിലേക്കു പ്രവേശിച്ചത്. കൃപയ്ക്കു മാത്രമേ ഇപ്രകാരമൊരത്ഭുതം നേടാൻ കഴിയൂ. എന്നാൽ പരീശന്മാർക്ക് ഇപ്രകാരമുള്ള കൃപ മനസ്സിലാക്കാൻ കഴിയുകയില്ല. തന്മൂലം അവർ കഠിനചിത്തരും ക്ഷമിക്കാത്തവരുമായിത്തീരുന്നു.**

ദൈവം നമ്മോടു വിശാലഹൃദയനായിരുന്നതുപോലെ നമുക്കും വിശാല ഹൃദയരായിരിക്കാം.

നമുക്കെല്ലാവർക്കും ഇങ്ങനെ തീരുമാനമെടുക്കുവാൻ സാധിച്ചാൽ അതു നല്ലൊരു കാര്യമായിരിക്കും. മറ്റൊരാളെയോ അയാളുടെ പ്രശസ്തിയെയോ മുറിപ്പെടുത്തുന്ന ഒരൊറ്റ വാക്കും നാം പറയുകയില്ല എന്ന തീരുമാനം തന്നെ. ആ തീരുമാനം ഈ വർഷം മാത്രമല്ല, ശിഷ്ടായുസ്സു മുഴുവനും നമുക്കു പാലിക്കാം. കഴിഞ്ഞ കാലങ്ങളിൽ ഈ തീരുമാനമെടുത്തിട്ടുള്ള ആളുകൾ തങ്ങളുടെ സംഭാഷണത്തിൽ നിന്ന് അധമമായതെല്ലാം നീക്കിക്കളയുകയും ആത്മീയാഭിവൃദ്ധിയും പ്രയോജനവും നൽകുന്നതു മാത്രം സംസാരിക്കുകയും ചെയ്യുന്നവരായിത്തീർന്നിട്ടുണ്ട്. ഇവരെപ്പറ്റി ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള കാര്യം അവിടുന്നു നിറവേറ്റിയിട്ട് അവർ അവിടുത്തെ വക്താക്കളായി ഭവിക്കുകയും ചെയ്തിട്ടുണ്ട് (യിരെ. 15:19).

ഇസ്കര്യോത്താ യൂദാ ഒരു വഞ്ചകനും ഒറ്റിക്കൊടുക്കുന്നവനുമായിരുന്നിട്ടും യേശു തന്റെ ശിഷ്യന്മാരോടൊപ്പമായിരുന്ന മൂന്നു വർഷങ്ങളിൽ ഒരിക്കൽപോലും മറ്റു പതിനൊന്നു ശിഷ്യന്മാരോട് അയാളെപ്പറ്റി സംസാരിച്ചിരുന്നില്ല. അതിനാലാണ് അന്ത്യ അത്താഴ സമയത്തു യേശുവിനെ കാണിച്ചു കൊടുക്കുന്നവൻ ആരാണെന്നു ശിഷ്യന്മാർ അറിയാതിരുന്നത്. യേശു ഒരിക്കലും വ്യർത്ഥ സംസാരത്തിലേർപ്പെട്ടിരുന്നില്ല. യൂദയോട് ഒറ്റയ്ക്കു വ്യക്തിപരമായി അദ്ദേഹം സംസാരിച്ചിരുന്നിരിക്കാം. എന്നാൽ ഒരിക്കലും അയാളുടെ അസാന്നിധ്യത്തിൽ അവിടുന്ന് അയാളെപ്പറ്റി സംസാരിച്ചിട്ടില്ല. ദൈവം തന്നെ അയാളുടെ കള്ളി വെളിച്ചത്താക്കിയതുവരെയും. ദൈവം തന്നെ ദുഷ്ടമനുഷ്യരെ വെളിച്ചത്താക്കുന്നതിലേക്കു നാമും ക്ഷമയോടുകൂടിയിരിക്കണം. നാം നമ്മുടെ ദൂഷണ വ്യവസായം കൊണ്ട് അവിടുത്തെ സഹായിക്കാതെ തന്നെ അവിടുത്തേക്ക് അതു ചെയ്‌വാൻ കഴിയും.

പാപികളോടും പിന്മാറ്റക്കാരോടും ഇടപെടുമ്പോൾ ഒന്നുകിൽ മുടിയൻ പുത്രന്റെ പിതാവിനെപ്പോലെയോ അല്ലെങ്കിൽ ജ്യേഷ്ഠ സഹോദരനെപ്പോലെയോ പെരുമാറുവാൻ നമുക്കു കഴിയും (ലൂക്കൊ. 15:11–32).

ആ ഉപമയിൽ വീടു സഭയുടെ ഒരു പ്രതീകമാണ്. പിതാവു ദൈവത്തിന്റെ മാത്രമല്ല സഭയിലെ ഒരു യഥാർത്ഥ പിതാവിന്റെയും കൂടെ

സാദൃശ്യമാണ്. ജ്യേഷ്ഠസഹോദരൻ ഭൂമുഖത്ത് എവിടെയുമുള്ള സഭകളിൽ കാണപ്പെടുന്ന പരീശന്മാരുടെ സാദൃശ്യമത്രേ. സഭയിലുള്ള പരീശന്മാരെ വെളിച്ചത്തു കൊണ്ടുവരാൻ ദൈവം മുടിയൻ പുത്രനെപ്പോലെയുള്ള പാപികളെയും പിന്മാറ്റക്കാരെയും ഉപയോഗിക്കുന്നു.

പരീശന്മാർക്കു നീതി ഉണ്ടായിരിക്കാം; എന്നാൽ നന്മയോ വിനയമോ ഉണ്ടാവുകയില്ല. ഒരു പിന്മാറ്റക്കാരനെ തുല്യനിലയിലുള്ള ഒരാളായി അംഗീകരിക്കുക അവർക്കു വിഷമമാണ്. അവൻ അനുതപിച്ചു തിരിച്ചു വരുമ്പോൾ ഏതാനും മാസത്തേക്ക് അവനെ പരീക്ഷണാർത്ഥം വേലക്കാരുടെ കെട്ടിടത്തിൽ താമസിപ്പിക്കണമെന്നാണ് അവരുടെ പക്ഷം. ദൈവം ഒരിക്കലും അപ്രകാരം ചെയ്യുന്നില്ല. അവിടുന്ന് ഒരു പരീശനല്ലല്ലോ. മാനസാന്തരപ്പെട്ട പാപി തിരിച്ചു വന്നാലുടൻ അയാളെ യേശുക്രിസ്തുവിന്റെ നീതിയാകുന്ന അങ്കി അവിടുന്ന് അണിയിക്കുന്നു. അവിടുന്ന് അവന്റെ തിരിച്ചുവരവിങ്കൽ ഉടൻ തന്നെ അവനെ മോതിരവും (പരിശുദ്ധാത്മാഭിഷേകം) അണിയിക്കുന്നു. ആ പാപിക്ക് അപ്പോൾ തന്നെ തന്റെ വലത്തു ഭാഗത്ത് ഒരു സ്ഥാനവും നൽകുന്നു.

തന്റെ ഭൗമിക ജീവിത കാലത്ത് ഒരിക്കൽപോലും പാപം ചെയ്തിട്ടില്ലാത്ത യേശു കാൽവറിയിലെ തന്റെ മരണത്തിനുശേഷം തന്റെ ജീവിതകാലം മുഴുവൻ പാപത്തിൽ ജീവിച്ചവനും മാനസാന്തരപ്പെട്ടവനുമായ ഒരു കള്ളനോടൊരുമിച്ചാണു പറുദീസയിലേക്കു പ്രവേശിച്ചത്. കൃപയ്ക്കു മാത്രമേ ഇപ്രകാരമൊരത്ഭുതം നേടാൻ കഴിയൂ. എന്നാൽ പരീശന്മാർക്ക് ഇപ്രകാരമുള്ള കൃപ മനസ്സിലാക്കാൻ കഴിയുകയില്ല. തന്മൂലം അവർ കഠിന ചിത്തരും ക്ഷമിക്കാത്തവരുമായിത്തീരുന്നു. അങ്ങനെ അവർ സ്വയം നശിപ്പിക്കുന്നു. മുടിയൻ പുത്രന്റെ ഉപമയുടെ അവസാന ഭാഗത്തു തന്റെ ഇളയ സഹോദരനോടുള്ള നിഷ്ക്കരുണ ഭാവം നിമിത്തം ജ്യേഷ്ഠ സഹോദരൻ തന്റെ രക്ഷ നഷ്ടപ്പെട്ടവനായി പിതാവിന്റെ ഭവനത്തിനു വെളിയിൽ നിൽക്കുന്നുവെന്ന കാര്യം ഓർത്തുകൊള്ളുക. മറ്റുള്ളവരെ നിന്ദിക്കുന്ന എല്ലാവരുടെയും അന്ത്യം ഇതായിരിക്കും.

ഇളയ സഹോദരൻ അവന്റെ എല്ലാ ഭോഷത്തവും അംഗീകരിക്കുന്നു. പാപമുണ്ടായിരിക്കെത്തന്നെ അവസാനമായി തന്റെ ആവശ്യം മനസ്സിലാക്കി ആത്മാവിന്റെ രാജ്യം അവകാശമാക്കുന്നു. ജ്യേഷ്ഠ സഹോദരനോ ഒരിക്കലും ഈ ആത്മദാരിദ്ര്യത്തിലേക്കു വരുന്നില്ല. സ്വന്തം ആവശ്യം അയാൾക്കു കാണാൻ കഴിവില്ല. മറ്റുള്ളവരുടെ പാപമേ അയാൾ കാണുന്നുള്ളു. അതിനാൽ പിതാവിന്റെ എല്ലാ കല്പനകളും അനുസരിച്ചുവെന്ന അവകാശവാദമിരിക്കെത്തന്നെ അവൻ നാശമടയുന്നു (ലൂക്കൊ. 15:29). നിയമാധിഷ്ഠിതമായ ഒരനുസരണം വിശ്വാസികളെ ഇപ്രകാരം പരീശന്മാരാക്കും. അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ മോശമായിത്തീരും.

നമുക്കു കടപ്പെട്ടവരോ നമ്മെ ഉപദ്രവിച്ചവരോ ആയ എല്ലാവരെയും നാം മോചിപ്പിക്കുന്നുവെങ്കിൽ ഈ വർഷമെന്നല്ല, എല്ലാ വർഷവും നമുക്കു സന്തുഷ്ട വർഷമാകും. നമ്മുടെ വിദ്വേഷത്തെയെല്ലാം എന്നേക്കുമായി കുഴിച്ചുമൂടി എല്ലാവരോടും കരുണ കാണിച്ചു കർത്താവിൽ നമുക്ക് ഒരു പുതിയ ആരംഭമിടാം. ▪

വചനം

നിക്ഷേപം മൺപാത്രങ്ങളിൽ -II

# മനുഷ്യന്റെ ബലഹീനതയിൽ ദൈവത്തിന്റെ ശക്തി തെളിയുന്നു

വാച്ച്മാൻ നീ

**പൗലൊസ്** പറയുന്നത് തന്റെ ജഡത്തിൽ ഒരു ശൂലമുണ്ടെന്നാണ്. എന്താണ് ആ ശൂലമെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ തന്നെ ബലഹീനപ്പെടുത്തുന്ന എന്തോ ഒരു ഘടകമായിരുന്നു അത്. ശൂലം മാറി കിട്ടേണ്ടതിനു പൗലൊസ് മൂന്നുവട്ടം പ്രാർത്ഥിച്ചു. 'എന്റെ കൃപ നിനക്കു മതി എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു' എന്നായിരുന്നു ദൈവത്തിന്റെ മറുപടി. ബലഹീനനായ മനുഷ്യനിൽ എങ്ങനെയാണു ദൈവശക്തി തെളിയുകയും തികഞ്ഞുവരികയും ചെയ്യുന്നത്? ക്രിസ്തീയത എന്നു പറയുന്നത് ഇതാണ്. അത് ബലഹീനതയെ ഇല്ലാതാക്കുകയില്ല. ദിവ്യശക്തിയുടെ വെറും പ്രദർശനവുമല്ല. അതു മാനുഷിക ബലഹീനതയിൽ തെളിയുന്ന ദിവ്യശക്തിയാണ്. മാലാഖമാരുടെ ഒരു പുതിയ ഗണത്തെ വാർത്തെടുക്കുകയല്ല മനുഷ്യ ബലഹീനതയിൽ ദിവ്യശക്തിയുടെ പ്രദർശനം ഒരുക്കുകയാണ് ക്രിസ്തീയത. ഞാൻ ഒരു ഉദാഹരണം പറയാം.

ഒരിക്കൽ എനിക്ക് അതികഠിനമായ രോഗം ബാധിച്ചു. രണ്ടു മാസത്തിനിടയിൽ മൂന്നുപ്രാവശ്യം എക്സ്റേ എടുത്തു. മൂന്നുവട്ടവും ഏക്സ്റേ റിപ്പോർട്ട് ഭയാനകമായിരുന്നു. ഞാൻ പ്രാർത്ഥിച്ചു. വിശ്വസിച്ചു. ദൈവം എന്നെ സൗഖ്യമാക്കുമെന്നു പ്രതീക്ഷിച്ചു. പക്ഷേ പല പ്രാവശ്യവും ബലം വീണ്ടുകിട്ടിയതായി തോന്നിയെങ്കിലും രോഗത്തിന്റെ അടിസ്ഥാന കാരണം ഭേദമാകാതെ നിന്നു. ഇതിന്റെ അർത്ഥം എന്നു വേണമെങ്കിലും പഴയ രോഗാതുരമായ അവസ്ഥയിലേക്കു മടങ്ങിപ്പോകാം എന്നതായിരുന്നു. എനിക്കു വിഷമം തോന്നി. രോഗം പൂർണമായി ഭേദമാകാതെ താല്ക്കാലികമായി ശക്തി വീണ്ടു കിട്ടിയിട്ടെന്തു കാര്യം?

ഒരു ദിവസം ഞാൻ ബൈബിൾ വായിക്കുമ്പോൾ, 2 കൊരിന്ത്യരിൽ പൗലൊസ് തന്റെ ശൂലം മാറാൻ മൂന്നുവട്ടം പ്രാർത്ഥിച്ച ഭാഗത്ത് എത്തി, ദൈവം അവന്റെ പ്രാർത്ഥന

**മനുഷ്യ ബലഹീനതയൊന്നും ദൈവശക്തിയെ പരിമിതപ്പെടുത്തുന്നില്ല എന്നത് എത്ര നന്ദിയോടെ ഓർക്കേണ്ട കാര്യമാണ്! ദുഃഖം ഉള്ളിടത്ത് സന്തോഷം ഉണ്ടായിരിക്കുക അസാധ്യമാണ്. കണ്ണീരുള്ളിടത്തു സ്തുതിക്കു സ്ഥാനമില്ല. ബലഹീനത ഉള്ള സ്ഥാനത്തു ശക്തി ഉണ്ടായിരിക്കുകയില്ല. സംശയം ഉള്ളിടത്തു വിശ്വാസം ഇല്ല... എന്നിങ്ങനെ നാം ചിന്തിച്ചേക്കാം. എന്നാൽ ഞാൻ വളരെ വ്യക്തമായി പറയട്ടെ. മാനുഷികമായി ഉള്ളതെല്ലാം ദിവ്യനിക്ഷേപം പകർന്നു വയ്ക്കുവാനുള്ള മൺപാത്രമാണ് എന്ന സത്യത്തിലേക്കു നമ്മെ നടത്തുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.**

കേട്ടു ശൂലം മാറ്റി കൊടുത്തില്ല. എന്നാൽ ' എന്റെ കൃപ നിനക്കു മതി' എന്ന് അരുളി ചെയ്തു. ജഡത്തിൽ ആ ശൂലം ഉള്ളതുകൊണ്ട് അവനു കൂടുതൽ കൃപ ലഭിച്ചു. ബലഹീനത നിലനിർത്തികൊണ്ടു കൃപയുടെ അളവു കൂട്ടിക്കൊടുത്തു. ഇതാണു ക്രിസ്തീയത എന്നു ഞാൻ കണ്ടു. കാര്യം കൂടുതൽ വ്യക്തമായി കിട്ടാൻ വേണ്ടി ഞാൻ പ്രാർത്ഥിച്ചു. അപ്പോൾ എന്റെ മനസ്സിലേക്ക് ഒരു ചിന്ത വന്നു. ഒരു ബോട്ട് നദിയിലൂടെ പോകുന്നു. പക്ഷേ, പെട്ടെന്ന് മുമ്പിൽ നദീതടത്തിൽ അഞ്ചടി പൊക്കത്തിൽ ഒരു പാറക്കെട്ട് ഉയർന്നു നില്ക്കുന്നതിനാൽ അതിനു മുന്നോട്ടുപോകാൻ കഴിയുന്നില്ല. ഞാൻ പ്രാർത്ഥിക്കുന്നത് 'ദൈവമേ ആ പാറക്കെട്ട് ഇല്ലാതാക്കി തരണേമേ' എന്നാണ്. എന്നാൽ ഒരു ചോദ്യം ഉയർന്നു. 'ആ പാറക്കെട്ട് ഇല്ലാതാക്കിയാൽ മതിയോ? നദിയിലെ വെള്ളത്തിന്റെ അളവു വർധിപ്പിച്ചു ജലവിതാനം അഞ്ചടിയിലേറെ ഉയർത്തിയാൽ മതിയോ?' ഞാൻ പറഞ്ഞു 'കർത്താവേ' ജലവിതാനം പാറക്കെട്ടിനെ കവിഞ്ഞ് ഉയർത്തിയാൽ മതി' എന്ന്. അന്നു മുതൽ എന്റെ ബുദ്ധിമുട്ടുകൾ മിക്കതും മാറി. എല്ലാം നൂറു ശതമാനം ശരിയായെന്നല്ല ഞാൻ അവകാശപ്പെടുന്നത്. എന്നാൽ, ദൈവത്തിനു മഹത്വം. തടസ്സങ്ങളെ ഇല്ലാതാക്കി മാത്രമല്ല അവയെ തരണം ചെയ്യുവാൻ ദൈവത്തിനു കഴിവുള്ളതെന്നു ഞാൻ മനസ്സിലാക്കി. പാറക്കെട്ടുകളെ ഇല്ലാതാക്കുന്നതല്ല ജലവിതാനത്തെ ഉയർത്തുന്നതാണ് ക്രിസ്തീയത.

നിങ്ങൾക്കു ബുദ്ധിമുട്ടുകൾ ഉണ്ടോ? ഉവ്വ്. നിങ്ങൾക്കു ബലഹീനത ഉണ്ടോ? ഉവ്വ്. ആർക്കാണില്ലാത്തത്. എങ്കിൽ ഒരു കാര്യം മനസ്സിൽ വച്ചുകൊള്ളുക. കർത്താവ് നിഷേധാത്മകമായി പ്രവർത്തിച്ചു ബലഹീനതയെ ഇല്ലാതാക്കുകയോ ധനാത്മകമായ (Positive) വശത്തു പ്രവർത്തിച്ച് ആവശ്യത്തിലേറെ വലിയ ശക്തി നൽകുകയോ അല്ല ചെയ്യുന്നത്. ബലഹീനതയിൽ തെളിയുന്ന ദൈവശക്തിയാണ് അവിടുന്നു തരുന്നത്. നമുക്കുള്ള എല്ലാ നിക്ഷേപവും മൺപാത്രത്തിൽ തന്നെയാണ്.

**മനുഷ്യന്റെ ബലഹീനത ദൈവശക്തിയെ പരിമിതപ്പെടുത്തുന്നില്ല.**

മനുഷ്യ ബലഹീനതയൊന്നും ദൈവശക്തിയെ പരിമിതപ്പെടുത്തുന്നില്ല എന്നത് എത്ര നന്ദിയോടെ ഓർക്കേണ്ട കാര്യമാണ്! ദുഃഖം ഉള്ളിടത്ത് സന്തോഷം ഉണ്ടായിരിക്കുക അസാധ്യമാണ്. കണ്ണീരുള്ളിടത്തു സ്തുതിക്കു സ്ഥാനമില്ല. ബലഹീനത ഉള്ള സ്ഥാനത്തു ശക്തി ഉണ്ടായിരിക്കുകയില്ല. സംശയം ഉള്ളിടത്തു വിശ്വാസം ഇല്ല... എന്നിങ്ങനെ നാം ചിന്തിച്ചേക്കാം. എന്നാൽ ഞാൻ വളരെ വ്യക്തമായി പറയട്ടെ. മാനുഷികമായി ഉള്ളതെല്ലാം ദിവ്യനിക്ഷേപം പകർന്നു വയ്ക്കുവാനുള്ള മൺപാത്രമാണ് എന്ന സത്യത്തിലേക്കു നമ്മെ നടത്തുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അതുകൊണ്ടു നമുക്കു വിഷാദം അനുഭവപ്പെടുമ്പോൾ നാം വിഷാദത്തിനല്ല കർത്താവിനാണ് ഇടം കൊടുക്കേണ്ടത്. നിക്ഷേപം മൺപാത്രത്തിൽ ശോഭിക്കട്ടെ. ഞാൻ ഇവിടെ കേവലം സിദ്ധാന്തം പറയുകയല്ല; ഞാൻ പറയുന്നതെന്താണെന്ന് എനിക്കറിയാം. ദൈവത്തിന്റെ നിക്ഷേപം മൺപാത്രങ്ങളിൽ തിളങ്ങാൻ കഴിയും എന്നാണ് ക്രിസ്തീയതയുടെ മഹത്വം.

ക്രിസ്തീയതയിൽ ഒരു വൈരുദ്ധ്യം ഉണ്ട്. ഈ വൈരുദ്ധ്യാത്മകമായ ജീവിതം നയിക്കുന്ന ക്രിസ്ത്യാനി ദൈവത്തെ അറിഞ്ഞുകൊണ്ടിരിക്കും. ക്രിസ്തീയ ജീവിതത്തിൽ നാം മുന്നോട്ടു പോകുന്തോറും ഈ വൈരുദ്ധ്യം വർധിക്കും. കാരണം, നിക്ഷേപം കൂടുതൽ തിളങ്ങിക്കൊണ്ടിരിക്കുകയും മൺപാത്രം മൺപാത്രമായി തുടരുകയും ചെയ്യുകയാണല്ലോ.

മൺപാത്രത്തിൽ പകർന്നിരിക്കുന്ന നിക്ഷേപത്തിന്റെ സൗന്ദര്യം ഒന്നു വേറെ തന്നെയാണ്. ചില താരതമ്യങ്ങളിലൂടെ ഇതു മനസ്സിലാക്കാം. സ്വാഭാവികമായി ക്ഷമയില്ലാത്ത ഒരുവൻ ദിവ്യക്ഷമയാൽ ശോഭിക്കുന്നു. ഇവനെ പ്രകൃത്യാതന്നെ എന്തു സംഭവിച്ചാലും കുലുങ്ങുകയില്ലാത്ത മറ്റൊരാളോടു താരതമ്യം ചെയ്തു നോക്കുക. സ്വാഭാവികമായി ഉന്നതനെങ്കിലും ദിവ്യതാഴ്മയാൽ പ്രശോഭിക്കുന്ന ഒരുവനെയും സാധാരണ എളിമയുള്ള ഒരുവനെയും തമ്മിൽ താരതമ്യം ചെയ്യുക. അല്ലെങ്കിൽ സ്വാഭാവികമായി ബലഹീനനെങ്കിലും ദിവ്യശക്തിയാൽ ശക്തനായിരിക്കുന്ന ഒരുവനെയും പ്രകൃത്യാ തന്നെ ബലവാനായ ഒരുവനേയും തമ്മിൽ താരതമ്യപ്പെടുത്തുക. ഈ താരതമ്യങ്ങളിൽ നിന്നു മൺപാത്രങ്ങളിൽ നിറയ്ക്കപ്പെട്ട നിക്ഷേപത്തിന്റെ സൗന്ദര്യം നമുക്കു ദർശിക്കുവാൻ കഴിയും.

സ്വാഭാവികമായി ബലഹീനരായ ആളുകൾ തങ്ങളുടെ മൺപാത്രത്തിന്റെ അയോഗ്യത മൂലം തങ്ങളെക്കൊണ്ട് ഒരു പ്രയോജനവുമില്ല എന്നു ചിന്തിച്ചേക്കാം. എന്നാൽ അങ്ങനെ ഭാരപ്പെടേണ്ട കാര്യമില്ല. ഇത്രയും ദുർബലമായ മൺപാത്രത്തിലിരിക്കുന്നു എന്നതുകൊണ്ടുതന്നെ നിക്ഷേപത്തിന്റെ സൗന്ദര്യം മറ്റുള്ളവരുടെ ദൃഷ്ടിയിൽ പതിന്മടങ്ങു വർദ്ധിക്കും. സഹോദരീ, സഹോദരന്മാരേ, ഞാൻ വീണ്ടും പറയട്ടെ. മൺപാത്രത്തിന്റെ യോഗ്യതയല്ല നിക്ഷേപത്തിന്റെ മഹത്വമാണ് ശ്രദ്ധേയമായിരിക്കുന്നത്. നമ്മിലോരോരുത്തരുടേയും ജീവിതത്തിൽ കർത്താവിന്, തന്നെ വെളിപ്പെടുത്തുവാൻ കഴിയും. അനേകർ നമ്മിലുള്ള ആ നിക്ഷേപം കാണുവാനും ഇടയാകും. ▪

(*അവസാനിച്ചു*)

ദൈവം യോജിപ്പിച്ചത്

## മോളിയും ജോൺ വെസ്‌ലിയും - 2

# അമ്മയുടെ മകൻ, ജോൺ



അജയ് ജോർജ്

**ജോൺ വെസ്‌ലിയേയും** അദ്ദേഹത്തിന്റെ ദാമ്പത്യ പ്രശ്നങ്ങളേയും മനസ്സിലാക്കണമെങ്കിൽ അദ്ദേഹം ജനിച്ചു-വളർന്ന അനുഗൃഹീത ഭവനവും സാഹചര്യങ്ങളും കൂടെ അറിഞ്ഞിരിക്കണം.

എപ്വർത്ത് എന്ന ഗ്രാമത്തിലെ ആംഗ്ലിക്കൻ പുരോഹിതൻ സാമുവൽ വെസ്‌ലിക്കും സൂസന്നയ്ക്കും കൂടി ആകെ പത്തൊമ്പത് മക്കൾ. പതിനഞ്ചാമനായിരുന്നു ജോൺ. (കുട്ടികളുടെ എണ്ണമോർത്ത് നമ്മൾ ഇന്ന് അത്ഭുതപ്പെട്ടേക്കാം). ശിശുമരണനിരക്കു വളരെ കൂടുതലായിരുന്ന അക്കാലത്തു ജനിക്കുന്ന കുഞ്ഞുങ്ങളിൽ ചിലർ മാത്രമേ ആയുസ്സെത്തിയിരുന്നുള്ളു എന്നോർക്കണം. (പ്രസവം എത്ര നടന്നാലും അവസാനം ശേഷിക്കുന്നത് ഇന്നത്തെപ്പോലെയൊക്കെ തന്നെ). പട്ടക്കാരനാണെങ്കിലും കടുംപിടുത്തക്കാരനായിരുന്നു പിതാവ്. എന്തിനും ഏതിനും തർക്കിക്കുകയും ചെയ്യും. അതുകൊണ്ടു തന്നെയായിരിക്കാം ഇടവകയ്ക്കു വെളിയിലെ പഠിപ്പൊന്നുമില്ലാത്ത കുറേ സാമൂഹ്യവിരുദ്ധരുടെ ഇടയിലായിരുന്നു കുറേ നാൾ സുവിശേഷ പ്രവർത്തനം. എങ്ങനേയും അവരെ ദുർന്നടപ്പിൽ നിന്നും മോചിപ്പിച്ച് അവരെ സമൂഹത്തിന് ഉപകാരമുള്ളവരാക്കണമെന്ന ആഗ്രഹമായിരുന്നു. അതിൽ അദ്ദേഹം വിജയിച്ചോ എന്നറിയില്ല. ലണ്ടനിൽ ആണ്ടുതോറും നടക്കുന്ന ബിരുദധാരണച്ചടങ്ങിനു പോകുക എന്നതായിരുന്നു സാമൂവൽ വെസ്‌ലിയുടെ ഏറ്റവും വലിയ സന്തോഷം. അതിലേക്കുള്ള ക്ഷണം ആ പ്രദേശത്തെ പട്ടക്കാർക്കിടയിൽ തനിക്കു മാത്രം ലഭിക്കുന്ന ഒരു ബഹുമതിയായി അദ്ദേഹം കരുതിപ്പോന്നു. സഭയുടെ ഉന്നത പഠന സമിതിയിൽ താനും ഭാഗഭാക്കാണെന്നതിൽ അഭിമാനിക്കുകയും ചെയ്തു. അവിടെച്ചെന്നാൽ പണ്ഡിതന്മാരോട് ദൈവശാസ്ത്രം സംബന്ധിച്ചു തർക്കങ്ങളാകാം. തർക്കിക്കുക എന്നതു സ്വഭാവത്തിൽ അത്രയ്ക്ക് അലിഞ്ഞു ചേർന്നിരുന്നുവല്ലോ.

വീട്ടിലാണെങ്കിൽ ഭാര്യയോടും കശപിശയുണ്ടാക്കും. സൂസന്നയാകട്ടെ നല്ല പാരമ്പര്യമുള്ള കുടുംബത്തിൽ ജനിച്ചു സാമാന്യം നല്ല വിദ്യാഭ്യാസം ലഭിച്ച സ്ത്രീരത്നമായിരുന്നു. തന്റെ ഭർത്താവിനും കുഞ്ഞു

സൂസന്നയുടെ എഴുത്തുകളിൽ ഇങ്ങനെയൊക്കെ കാണുന്നു. 'അദ്ദേഹത്തിന്റെ എന്ത് അഭിപ്രായവും പറയാൻ ഞാൻ അനുവദിക്കുന്നതുപോലെ എന്റെ മനഃസാക്ഷിയുടെ ചെറിയ സ്വാതന്ത്ര്യം സൂക്ഷിക്കാൻ എനിക്കും അവകാശമില്ലേ?' 'ഞാനും ഭർത്താവും ഒരുപോലെ ചിന്തിക്കുന്നത് എത്ര അപൂർവ്വമാണെന്നത് ഞങ്ങളുടെ കുടുംബത്തിന്റെ കാലക്കേടെന്നല്ലാതെന്ത് പറയാൻ.'

ങ്ങൾക്കും നല്ലതു വരണമെന്ന ആഗ്രഹമേ അവർക്കുണ്ടായിരുന്നുള്ളൂ. താൻ ചെയ്യുന്ന ഏതൊരു പ്രവൃത്തിക്കു പിന്നിലും ഒരു കാരണം ചൂണ്ടിക്കാണിക്കാൻ അവർക്കാകുമായിരുന്നു. അതായത് ജോണിന്റെ മാതാപിതാക്കൾ രണ്ടുപേരും വാശിയുള്ളവർ തന്നെ. അപ്പനു കടുംപിടിത്തത്തോടൊപ്പം മുൻകോപവുമുണ്ടായിരുന്നു. സൂസന്നയുടെ എഴുത്തുകളിൽ ഇങ്ങനെയൊക്കെ കാണുന്നു. 'അദ്ദേഹത്തിന്റെ എന്ത് അഭിപ്രായവും പറയാൻ ഞാൻ അനുവദിക്കുന്നതുപോലെ എന്റെ മനഃസാക്ഷിയുടെ ചെറിയ സ്വാതന്ത്ര്യം സൂക്ഷിക്കാൻ എനിക്കും അവകാശമില്ലേ?' 'ഞാനും ഭർത്താവും ഒരുപോലെ ചിന്തിക്കുന്നത് എത്ര അപൂർവ്വമാണെന്നത് ഞങ്ങളുടെ കുടുംബത്തിന്റെ കാലക്കേടെന്നല്ലാതെന്ത് പറയാൻ.'

പത്തൊമ്പതു പേരിൽ പതിനഞ്ചാമനായി ജോൺ ജനിച്ചെങ്കിലും ജനിച്ചയുടനെയോ ബാല്യത്തിലോ ഒമ്പതു പേർ മരണമടഞ്ഞു. ഒരു ഓണം കേറാമൂലയിലെ ഇടവക വികാരിയുടെ തുച്ഛമായ വരുമാനത്തിൽ കടിച്ചുതൂങ്ങി പത്തു കുഞ്ഞുങ്ങൾക്കു വളരേണ്ടിയിരിക്കുന്നു. ജോണിനു രണ്ടു വയസ്സുള്ളപ്പോൾ – 'ജാക്കി'യെന്നാണ് അമ്മ വിളിച്ചിരുന്നത് – അപ്പനു മൂന്നുമാസം ജയിലിൽ കിടക്കേണ്ടി വന്നു. കുറ്റം, കടം വാങ്ങിയ മുപ്പതു പവൻ തിരികെ കൊടുക്കാനില്ലാഞ്ഞിട്ട്. തന്റെ കുടുംബത്തെ ഓർത്തായിരുന്നു ആ സമയം അദ്ദേഹത്തിനു വിചാരം. 'എന്റെ ഭാര്യ ഇതെല്ലാം അവളുടെ സഹജമായ ധൈര്യത്തോടെ നേരിടുന്നു. അതു തന്നെയാണ് ഞാൻ അവളിൽ നിന്നും പ്രതീക്ഷിക്കുന്നതും.' അദ്ദേഹം എഴുതി.

പിന്നീട് ഒരിക്കൽ സാമുവൽ തന്റെ പതിവു ലണ്ടൻ സന്ദർശനത്തിനു പോയ ഒഴിവിൽ അവിടെ എത്തിയ ഒരു പട്ടക്കാരൻ പ്രസംഗത്തിനിടയിൽ സാമുവലിന്റെ സ്ഥിരം കടം മേടിക്കലിനെപ്പറ്റിയും മറ്റു ചില സ്വഭാവ വിശേഷങ്ങളെപ്പറ്റിയും പരാമർശിക്കുകയുണ്ടായി. ഇതു കാരണമാവാം സഭയിൽ ആളുകളുടെ എണ്ണം കുറഞ്ഞു തുടങ്ങി. അപ്പോഴാണു സൂസന്ന തന്റെ അടുക്കളയിൽ വൈകുന്നേരം കൂടിവരവുകൾ ആരംഭിച്ചത്. അധികം കഴിയുന്നതിന് മുമ്പേ രാവിലെയുള്ള സഭായോഗത്തിനേക്കാൾ ആളുകൾ അടുക്കളയിൽ ഒത്തുകൂടാൻ തുടങ്ങി. താത്കാലിക പുരോഹിതൻ ഇതെങ്ങനെ സഹിക്കും? അയാൾ ലണ്ടനിലുള്ള സമുവലിനു ഭാര്യയുടെ ചെയ്തികളെപ്പറ്റി കത്തെഴുതുകയും ഉടൻ എന്തെങ്കിലും പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. തന്റെ നിലപാടുകൾ വ്യക്തമാക്കിക്കൊണ്ടു


സൂസന്നയും ഭർത്താവിനെഴുതി: ‘എന്തെങ്കിലും ചെയ്യാതിരിക്കാനാവില്ലായിരുന്നു. ആണുങ്ങളാരും ശബ്ദമുയർത്തിയില്ല. മാത്രമല്ല അവർക്കാർക്കും പ്രാർത്ഥനാ പുസ്തകത്തിൽ നിന്നു വായിക്കാനോ പ്രസംഗിക്കാനോ സാധിക്കയില്ലായിരുന്നു. അതുകൊണ്ട് എനിക്കു തന്നെ ഇങ്ങനെയൊക്കെ ചെയ്യേണ്ടി വന്നു. ഞാൻ ചെയ്യുന്നത് ദൈവം അംഗീകരിക്കുമെന്ന് ഉറപ്പുണ്ടെങ്കിലും ഭർത്താവിനു എതിരഭിപ്രായമുണ്ടെങ്കിൽ താൻ അതനുസരിക്കാൻ തയ്യാറാണ്. പക്ഷേ തറപ്പിച്ചു പറയണമെന്നു മാത്രം.’ തുടർന്ന് അവരെഴുതിയ വാക്കുകൾ ഇപ്രകാരമായിരുന്നു: “ഞാനിത് ചെയ്യരുതെന്നാണ് താങ്കളുടെ അഭിപ്രായം എന്നു ദയവു ചെയ്ത് എന്നോടു പറയരുത്. കാരണം അതെന്റെ മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുകയില്ല. എന്നാൽ ഈ വിഷയത്തിലുള്ള താങ്കളുടെ തീരുമാനം എന്നോട് ആജ്ഞാപിക്കാം. അതു ഞാൻ അനുസരിക്കും. നൻമ ചെയ്യാൻ ലഭിച്ച അവസരം പാഴാക്കിക്കളഞ്ഞതിനു കണക്കു പറയാൻ കർത്താവിന്റെ ന്യായാസനത്തിനു മുമ്പിൽ താങ്കളും ഞാനും നിൽക്കേണ്ടി വരുമ്പോൾ ഭർത്താവിനെ അനുസരിച്ചു എന്നത് എന്നെ കുറ്റബോധത്തിൽ നിന്നും ശിക്ഷാവിധിയിൽ നിന്നും രക്ഷിച്ചുകൊള്ളും.”

എന്നാൽ സാമുവൽ വളരെ തന്ത്രപരമായാണ് ഈ പ്രശ്നം കൈകാര്യം ചെയ്തത്. ഏതാനും ആഴ്ചകൾക്കുള്ളിൽ താൻ നാട്ടിൽ തിരികെ എത്തുമ്പോൾ ഇതെല്ലാം തനിയെ അവസാനിച്ചുകൊള്ളും എന്ന് അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. ഭാര്യക്ക് കർശന നിർദ്ദേശം നൽകി ശിക്ഷാവിധി ഏറ്റുവാങ്ങാൻ മനസ്സില്ലാതിരുന്നതിനാൽ ആ സാഹസത്തിന് അദ്ദേഹം ഒരുമ്പെട്ടതുമില്ല.

ആയിടയ്ക്കാണ് അവർ താമസിച്ചിരുന്ന വീടിനു തീ പിടിച്ചത്. ഏതാണ്ടെല്ലാം തന്നെ വെന്തു നശിച്ചു. ഭാഗ്യത്തിനു കുഞ്ഞുങ്ങൾക്കെല്ലാം രക്ഷപ്പെടാനായി. ഒരാളൊഴിച്ച്. തീയുടേയും പുകയുടേയും നിലവിളികളുടേയും നടുവിൽ അഞ്ചുവയസ്സുകാരൻ ജോണിനെ മാത്രം കാണാനില്ല! വീടിനുള്ളിൽ ഒന്നുകൂടി കടന്നു മകനെ കണ്ടുപിടിക്കാനൊരു ശ്രമം സാമുവൽ നടത്തി നോക്കിയെങ്കിലും അധികം മുന്നോട്ടുപോകാനായില്ല. അഗ്നിജ്വാലകൾ ഏതാണ്ടെല്ലായിടത്തും എത്തിയിരുന്നു.

ആയിടയ്ക്കാണ് അവർ താമസിച്ചിരുന്ന വീടിനു തീ പിടിച്ചത്. ഏതാണ്ടെല്ലാം തന്നെ വെന്തു നശിച്ചു. ഭാഗ്യത്തിനു കുഞ്ഞുങ്ങൾക്കെല്ലാം രക്ഷപ്പെടാനായി. ഒരാളൊഴിച്ച്. തീയുടേയും പുകയുടേയും നിലവിളികളുടേയും നടുവിൽ അഞ്ചുവയസ്സുകാരൻ ജോണിനെ മാത്രം കാണാനില്ല! വീടിനുള്ളിൽ ഒന്നുകൂടി കടന്നു മകനെ കണ്ടുപിടിക്കാനൊരു ശ്രമം സാമുവൽ നടത്തി നോക്കിയെങ്കിലും അധികം മുന്നോട്ടുപോകാനായില്ല. അഗ്നിജ്വാലകൾ ഏതാണ്ടെല്ലായിടത്തും എത്തിയിരുന്നു. സകല പ്രതീക്ഷയും ആസ്തമിച്ചു. ആ സമയം

▶ *ശേഷം പേജ് 32*




അധ്യായം അഞ്ച്

ബൈബിളിലൂടെ...
# 2 കൊരിന്ത്യർ

## സ്വാർത്ഥത: പാപത്തിന്റെ തായ്‌വേര്

**രണ്ടു** കൊരിന്ത്യർ 5:9ൽ പൗലൊസ് തന്റെ അഭിലാഷത്തെക്കുറിച്ചു സംസാരിക്കുന്നു. എല്ലാ ചെറുപ്പക്കാരും അഭിലാഷങ്ങളുള്ളവരാണ്. എന്നാൽ തെറ്റായ അഭിലാഷങ്ങൾ ഉണ്ടാകുന്നു എന്നതാണ് അവരുടെ പ്രശ്നം. പലരുടെയും അഭിലാഷം പണവും പ്രശസ്തിയും സ്വന്തമായി ഒരു പേരും നേടണമെന്നുള്ളതാണ്. മാനസാന്തരപ്പെട്ടു കഴിഞ്ഞപ്പോൾ പൗലൊസിനും ഒരു അഭിലാഷമുണ്ടായി. "ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും കർത്താവിനെ പ്രസാദിപ്പിക്കുകയാണ് ഞങ്ങളുടെ ജീവിത ലക്ഷ്യം" (5:9). താൻ സ്വർഗ്ഗത്തിൽ എത്തിയാലും തന്റെ അഭി



*അമേരിക്കയുടെ സ്ഥാനപതി നിങ്ങളുടെ വീടിനു മുമ്പിൽ വന്നു പണം ചോദിക്കുന്ന കാര്യം നിങ്ങൾക്കു സങ്കല്പിക്കുവാൻ തന്നെ കഴിയുമോ?*

ലാഷം മാറുന്നില്ലയെന്നാണ് പൗലൊസ് ഉവിടെ പറയുന്നത്. അതു ദൈവത്തെ പ്രസാദിപ്പിക്കുക എന്നതു മാത്രമാണ്. സ്വർഗ്ഗത്തിലെത്തുമ്പോഴും നമ്മുടെ അഭിലാഷം നാം ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ഉണ്ടായിരുന്നതു തന്നെ ആയിരിക്കും എന്നു സത്യസന്ധതയോടെ നമുക്കു പറയുവാൻ കഴിയുമോ? അതാണ് ഒരു യഥാർത്ഥ ആത്മീയന്റെ അടയാളം. അവൻ സ്വർഗ്ഗീയ മൂല്യങ്ങളോടു ചേർന്നിരിക്കുന്നതുകൊണ്ടു ദൈവത്തോടും ചേർന്നിരിക്കുന്നു. അങ്ങനെയുള്ള ഒരുവനായിരിക്കും ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുന്ന ദൈവദാസൻ. കാരണം, അവൻ സ്വർഗ്ഗത്തോടു ചേർന്നിരിക്കുന്നു. ഇന്നുള്ള പല ക്രിസ്തീയ പ്രവർത്തകരുടെയും പ്രശ്നം അവർ ദൈവത്തോടും സ്വർഗ്ഗത്തോടും ചേർന്നിരിക്കുന്നില്ല എന്നതാണ്. സ്വർഗ്ഗത്തിലെത്തിയതിനു ശേഷം ദൈവത്തെ പ്രസാദിപ്പിക്കാമെന്നാണ് നിങ്ങൾ കരുതുന്നതെങ്കിൽ നിങ്ങൾ സ്വർഗ്ഗത്തിലെത്തുമോ എന്നു തന്നെ ഞാൻ സംശയിക്കുന്നു.

5:10,11ൽ പൗലൊസ് പറയുന്നു: "ഓരോ വ്യക്തിയും ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്ത നന്മയ്ക്കോ തിന്മയ്ക്കോ തക്കവണ്ണം പ്രാപിക്കുവാൻ നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ വെളിപ്പെടേണ്ടതാകുന്നു." കർത്താവിനെ ഭയപ്പെടുക എന്നത് ഞങ്ങൾ അറിയുന്നു അതുകൊണ്ടാണു ഞങ്ങൾ മനുഷ്യരെ പ്രേരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ ന്യായാസനമെന്നത് വിശ്വാസികൾക്കു മാത്രമുള്ളതാണ്. അവിടെയാണ് ഓരോ വിശ്വാസിയുടെയും പ്രവൃത്തിക്കും വിശ്വസ്തതയ്ക്കും അനുസരിച്ചു പ്രതിഫലം നിശ്ചയിക്കുന്ന സ്ഥലം. എല്ലാ അവിശ്വാസികളേയും ന്യായംവിധിക്കുന്ന വലിയൊരു വെള്ള സിംഹാസനം ഇതല്ല (വെളി. 20:11,12). ഒരുനാൾ നാം ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കും. അന്നു നമ്മുടെ മുഴുവൻ ജീവിതത്തിലേയും പ്രവൃത്തികളും, വാക്കുകളും, മനോഭാവങ്ങളും, ചിന്തകളും വിലയിരുത്തപ്പെടും. അതിനനുസരിച്ചു പ്രതിഫലം നൽകപ്പെടുകയും ചെയ്യും.

ദൈവം നമുക്കു നൽകിയ പല കാര്യങ്ങളുണ്ട്. വർഷത്തിലെ 365 ദിവസങ്ങൾ, മറ്റുള്ളവരെ അനുഗ്രഹിക്കുവാനുള്ള പല അവസരങ്ങൾ, പണം, ബുദ്ധി, അങ്ങനെ പലവിധ വരങ്ങൾ. നാം നമ്മുടെ ജീവിതത്തിന്റെ അവസാനമെത്തുമ്പോൾ ഈ വരങ്ങൾ എങ്ങനെ ഉപയോഗിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മെ വിലയിരുത്തുന്നത്.

പിന്നീടു പൗലൊസ് പറയുന്നു: "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു"(5:14). ഇവിടെ പറയുന്ന രണ്ടു കാര്യങ്ങളായിരിക്കണം നമ്മുടെയും ജീവിതത്തിന്റെ പ്രേരകശക്തി. ഭക്തിയോടെയുള്ള ദൈവഭയവും ക്രിസ്തുവിന്റെ സ്നേഹവും. അങ്ങനെയാണ് പൗലൊസ് ദൈവത്തിനു വേണ്ടി ഫലപ്രദമായൊരു ജീവിതം ജീവിച്ചത്.

പിന്നീടു പൗലൊസ് ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ നാം എല്ലാവരും അവിടുത്തോടു കൂടി മരിച്ചവരാണെന്ന മഹത്തായ സത്യത്തെക്കുറിച്ചു സംസാരിക്കുന്നു (5:14). ഈ സത്യത്തെ കുറിച്ച് അദ്ദേഹം റോമാ ലേഖനത്തിലും, കൊരിന്ത്യാ ലേഖനത്തിലും, ഗലാത്യ ലേഖനത്തിലും സംസാരിക്കുന്നുണ്ട്. "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരി

**നാം നമുക്കുവേണ്ടി തന്നെ ജീവിക്കുമ്പോൾ ക്രിസ്തു മരിച്ചതിന്റെ ഉദ്ദേശ്യത്തെ തന്നെ വ്യർഥമാക്കുകയാണ്. നാം പാപത്തിൽ തുടരുകയാണെങ്കിൽ ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു എന്ന വസ്തുതയെ മുതലെടുക്കുകയാണ്. അങ്ങനെ ദൈവകൃപയേയും മുതലെടുക്കുന്നു. തനിക്കു വേണ്ടി തന്നെ ജീവിക്കുന്ന ഏതൊരു വിശ്വാസിയും ക്രിസ്തു മരിച്ചതിന്റെ പൂർണ്ണ ഉദ്ദേശ്യം മനസ്സിലാക്കിയവനല്ല.**

ക്കുന്നു." "ഒരുവൻ മരിച്ചുവെന്നതിനാൽ എല്ലാവരും മരിച്ചിരിക്കുന്നു." ദൈവം പൗലൊസിനു പ്രത്യേകമായി നൽകിയ വെളിപ്പാടായിരുന്നു ഇത്. പത്രൊസോ, യോഹന്നാനോ, യാക്കോബോ ഇതിനെക്കുറിച്ചു എഴുതിയതായി വായിക്കുന്നില്ല. യേശു മരിച്ച് ഉയിർത്തെഴുന്നേറ്റിരിക്കുകയാണ്. അതുകൊണ്ട് ഇനി നമുക്കുവേണ്ടി ജീവിക്കുവാൻ കഴിയുകയില്ല. നാം അവിടുത്തേയ്ക്കായി ജീവിക്കേണ്ടതാകുന്നു (5:15).

നാം ക്രിസ്ത്യാനികളോടു "ക്രിസ്തു എന്തിനു മരിച്ചു?'' എന്നു ചോദിച്ചാൽ ഭൂരിപക്ഷം പേരും പറയുന്ന ഉത്തരം 1 കൊരിന്ത്യർ 15:3ൽ നിന്നായിരിക്കും. "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു." അതു ശരിയാണ്. അത് ഉത്തരത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു. അതിന്റെ രണ്ടാം ഭാഗം ഇതാണ്. "ജീവിക്കുന്നവർ ഇനിമേൽ തങ്ങൾക്കായിട്ടല്ല തങ്ങൾക്കു വേണ്ടി മരിച്ച് ഉയിർത്തെഴുന്നേറ്റവനു വേണ്ടി തന്നെ ജീവിക്കേണ്ടതിന് അവിടുന്നു എല്ലാവർക്കും വേണ്ടി മരിച്ചു" (5:15). നാം നമുക്കുവേണ്ടി തന്നെ ജീവിക്കുമ്പോൾ ക്രിസ്തു മരിച്ചതിന്റെ ഉദ്ദേശ്യത്തെ തന്നെ വ്യർഥമാക്കുകയാണ്. നാം പാപത്തിൽ തുടരുകയാണെങ്കിൽ ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു എന്ന വസ്തുതയെ മുതലെടുക്കുകയാണ്. അങ്ങനെ ദൈവകൃപയേയും മുതലെടുക്കുന്നു. തനിക്കു വേണ്ടി തന്നെ ജീവിക്കുന്ന ഏതൊരു വിശ്വാസിയും ക്രിസ്തു മരിച്ചതിന്റെ പൂർണ്ണ ഉദ്ദേശ്യം മനസ്സിലാക്കിയവനല്ല. ദൈവിക സത്യങ്ങൾ പൂർണ്ണമായി കാണാതിരിക്കത്തക്കവണ്ണം നമ്മുടെ കണ്ണുകളെ അന്ധമാക്കുകയെന്നത് സാത്താന്റെ ലക്ഷ്യമാണ്. ക്രിസ്തുവിന്റെ മരണത്തെക്കുറിച്ചു നാം തന്നെ അറിയാതിരിക്കുവാനാണ് സാത്താൻ ആദ്യം ശ്രമിക്കുന്നത്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടിയാണു മരിച്ചതെന്നു നാം കണ്ടു കഴിഞ്ഞാൽ പിന്നെ സാത്താന്റെ ശ്രമം ക്രിസ്തുവിന്റെ മരണത്തിന്റെ പൂർണ്ണ ഉദ്ദേശ്യം കാണാതെ നമ്മുടെ കണ്ണുകളെ കുരുടാക്കുകയെന്നതാണ്.

സ്വയത്തിൽ കേന്ദ്രീകരിച്ച ഒരു ജീവിതത്തിൽ നിന്നും നമ്മെ വിടുവിക്കുന്നതിനാണ് ക്രിസ്തു പ്രാഥമികമായി മരിച്ചത്. 1 കൊരി. 15:3, 2 കൊരി. 5:15 എന്നീ രണ്ടു വചനങ്ങൾ ഒരുമിച്ചു ചേർത്തു നോക്കുമ്പോൾ എല്ലാ പാപത്തിന്റെയും വേര് സ്വയത്തിൽ കേന്ദ്രീകരിച്ച ജീവിതമാണെന്നു കാണാം. ഒരു മനുഷ്യൻ തനിക്കായി തന്നെ ജീവിക്കുന്നതുകൊണ്ടാണ്

പാപത്തിൽ ജീവിക്കുന്നത്. നിങ്ങൾ നിങ്ങൾക്കായി തന്നെ ജീവിക്കുന്നിടത്തോളം കാലം പാപത്തിന്റെ മേൽ വിജയമുണ്ടാവുകയില്ല. വൃക്ഷത്തിന്റെ വേര് അറുത്തു മാറ്റാത്തിടത്തോളം കാലം അത് ഫലം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. വേരിന്മേൽ (സ്വയത്തിൽ കേന്ദ്രീകരിച്ച ജീവിതം) കോടാലി വച്ചു കഴിഞ്ഞാൽ പിന്നെ പുറത്തേയ്ക്കു വരുന്ന ദുഷിച്ച ഫലങ്ങളെ (പാപം) മുറിച്ചു കളഞ്ഞുകൊണ്ടിരിക്കേണ്ടി വരികയില്ല.

പലരും പാപത്തെ പുറമെ നശിപ്പിച്ചിട്ടുണ്ട്. എന്നാൽ വേര് അവിടെ തന്നെ നിൽക്കുകയാണ്. തനിക്കായി തന്നെ ജീവിക്കുകയെന്നതാണു വേര്. നിങ്ങൾക്കുവേണ്ടി തന്നെ ജീവിക്കുന്ന കാലത്തോളം നിങ്ങൾക്കു പാപത്തിന്റെമേൽ ജയമുണ്ടാവുകയില്ല. കർശനമായ ആ തീരുമാനം നിങ്ങൾ എടുക്കണം. 'ഈ ദിവസം മുതൽ എന്നിൽ കേന്ദ്രീകരിച്ച ഒരു തീരുമാനവും എന്റെ ജീവിതത്തിൽ ഉണ്ടാവുകയില്ല. എനിക്ക് എന്തു ഗുണം കിട്ടുമെന്നു മാത്രം നോക്കി ഒരു തീരുമാനവും എന്റെ ജീവിതത്തിൽ ഉണ്ടാവുകയില്ല. എനിക്കു എന്ത് ഗുണം കിട്ടുമെന്നു മാത്രം നോക്കി ഒരു തീരുമാനവും ഞാൻ എടുക്കുകയില്ല." ക്രിസ്തീയ വേലയിലുള്ള പലരും ഒരു തീരുമാനമെടുക്കും മുൻപ് മറ്റ് ചില ചോദ്യങ്ങളാണ് സ്വയം ചോദിക്കുന്നതെന്നു നിങ്ങൾക്കറിയാമോ? ഇത് എനിക്കു എങ്ങനെ ഗുണം ചെയ്യും? ഇത് എന്റെ കുടുംബത്തിന് എങ്ങനെ ഗുണം ചെയ്യും? ലോകത്തിലുള്ള എല്ലാ മാനസാന്തരപ്പടാത്ത, ദൈവത്തെ അറിയാത്ത, പാപികളും തീരുമാനങ്ങൾ എടുക്കുന്നത് ഇങ്ങനെ തന്നെയാണ്. അപ്പോൾ നിങ്ങളും അയാളും തമ്മി

ക്രിസ്തീയ വേലയിലുള്ള പലരും ഒരു തീരുമാനമെടുക്കും മുൻപ് മറ്റ് ചില ചോദ്യങ്ങളാണ് സ്വയം ചോദിക്കുന്നതെന്നു നിങ്ങൾ ക്കറിയാമോ? ഇത് എനിക്കു എങ്ങ നെ ഗുണം ചെയ്യും? ഇത് എന്റെ കുടുംബത്തിന് എങ്ങനെ ഗുണം ചെയ്യും? ലോകത്തിലുള്ള എല്ലാ മാനസാന്തരപ്പടാത്ത, ദൈവത്തെ അറിയാത്ത, പാപികളും തീരുമാനങ്ങൾ എടുക്കുന്നത് ഇങ്ങനെ തന്നെയാണ്. അപ്പോൾ നിങ്ങളും അയാളും തമ്മിലുള്ള വ്യാത്യാസം അയാൾ ഒരു നിരീശ്വരവാദിയും നിങ്ങൾ ഏതെങ്കിലുമൊരു സഭയിൽ പോകുന്നയാളും എന്നതു മാത്രമായിരിക്കും.

ലുള്ള വ്യാത്യാസം അയാൾ ഒരു നിരീശ്വരവാദിയും നിങ്ങൾ ഏതെങ്കിലുമൊരു സഭയിൽ പോകുന്നയാളും എന്നതു മാത്രമായിരിക്കും. എന്നാൽ ഉള്ളിൽ നിങ്ങൾ രണ്ടുപേരും ഒരുപോലെയാണ്. ഈ സ്വയജീവിതത്തിൽ നിന്നും നമ്മെ വിടുവിച്ച് സ്വന്തം ഗുണം മാത്രം നോക്കി തീരുമാനമെടുക്കാതിരിക്കുവാനും ദൈവത്തിനും ദൈവരാജ്യത്തിനും എന്തു പ്രയോജനം ലഭിക്കും എന്നു നോക്കി തീരുമാനം എടുക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്നതിനും ഒക്കെ വേണ്ടിയാണ് യേശു മരിച്ചത്. അങ്ങനെയുള്ള 100 പേരെ കിട്ടിയാൽ

**സ്വന്തം ഗുണം മാത്രം നോക്കി തീരുമാനമെടുക്കാതിരിക്കുവാനും ദൈവത്തിനും ദൈവരാജ്യത്തിനും എന്തു പ്രയോജനം ലഭിക്കും എന്നു നോക്കി തീരുമാനം എടുക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്നതിനും ഒക്കെ വേണ്ടിയാണ് യേശു മരിച്ചത്. അങ്ങനെയുള്ള 100 പേരെ കിട്ടിയാൽ നമുക്ക് ഇന്ത്യയെ കീഴ്മേൽ മറിക്കാം. എന്നാൽ അങ്ങനെയുള്ള ഒരാളെ കാണുന്നതു തന്നെ വളരെ ബുദ്ധിമുട്ടാണ്.**

നമുക്ക് ഇന്ത്യയെ കീഴ്മേൽ മറിക്കാം. എന്നാൽ അങ്ങനെയുള്ള ഒരാളെ കാണുന്നതു തന്നെ വളരെ ബുദ്ധിമുട്ടാണ്.

നാം ഇനിമേൽ നമുക്കായിട്ടു തന്നെ ജീവിക്കേണ്ടവരല്ലയെന്ന കാര്യം പല ക്രിസ്ത്യാനികളും മനസ്സിലാക്കിയിട്ടില്ല. അവർ 5:5 പോലുള്ള വാക്യങ്ങൾ മറികടന്നു 5:17ൽ എത്തുന്നു. "പഴയതു കഴിഞ്ഞു പോയി പുതിയതായി തീർന്നിരിക്കുന്നു - ഒരു പുതിയ സൃഷ്ടി." എന്നാൽ ഞാൻ നിങ്ങളോടു ചോദിക്കട്ടെ, പഴയതെന്താണു കഴിഞ്ഞു പോയത്? അല്ലെങ്കിൽ എന്താണ് കഴിഞ്ഞുപോകേണ്ടിയിരുന്നത്? തനിക്കായി തന്നെ ജീവിക്കയെന്നത് കഴിഞ്ഞുപോയോ? നിങ്ങളുടെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും പുതിയതായി തീർന്നോ?

5:20ൽ നാം വായിക്കുന്നു: "ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനപതികളാകയാൽ നിങ്ങളോട് അപേക്ഷിക്കുന്നു." ഒരു യഥാർത്ഥ ദൈവപൈതലിന് ഒരു അന്തസ്സുണ്ട്. ഒരു ചെറിയ രാജ്യത്തിന്റെ സ്ഥാനപതിക്കുപോലും അതിന്റേതായ അന്തസ്സും അഭിമാനവും ഉണ്ട്. വലുതും ശക്തവും ആയ രാജ്യങ്ങളുടെ സ്ഥാനപതിമാർക്കു കൂടുതൽ അന്തസ്സുണ്ടാകും. അമേരിക്കയുടെ സ്ഥാനപതിയെക്കുറിച്ചു ചിന്തിക്കുക. അയാൾ എത്ര അന്തസ്സോടെയായിരിക്കും പെരുമാറുന്നത്! കാരണം താൻ പ്രതിനിധീകരിക്കുന്നത് ലോകത്തിലെ വൻശക്തികളിലൊന്നിനെയാണെന്ന കാര്യം അയാൾക്കറിയാം. വില കുറഞ്ഞതും അന്തസ്സില്ലാത്തതും ആയ ഒരു കാര്യവും അയാൾ ചെയ്യുകയില്ല. അയാൾ ആളുകളോടു പണം ചോദിച്ചു നടക്കുകയില്ല. ഒരു തരത്തിലും തന്റെ രാജ്യത്തിന് ഒരു അപമാനം അവൻ വരുത്തുകയില്ല. അമേരിക്കയുടെ സ്ഥാനപതി നിങ്ങളുടെ വീടിനു മുമ്പിൽ വന്നു പണം ചോദിക്കുന്ന കാര്യം നിങ്ങൾക്കു സങ്കല്പിക്കുവാൻ തന്നെ കഴിയുമോ?

മാന്യമായി വസ്ത്രം ധരിച്ച ഒരു മനുഷ്യൻ നിങ്ങളുടെ വീടിന്റെ മുമ്പിലോ ടെലിവിഷനിലോ വന്ന് ഇങ്ങനെ പറയുന്നു എന്നു കരുതുക. "ഞാൻ അമേരിക്കയുടെ സ്ഥാനപതിയാണ്. ഞങ്ങളുടെ രാജ്യം പണത്തിനു വല്ലാതെ ബുദ്ധിമുട്ടുകയാണ്. ഒരു നൂറു രൂപാ ഞങ്ങളുടെ രാജ്യത്തിനു വേണ്ടി സംഭാവന ചെയ്യുമോ." നിങ്ങളെന്തു പറയും? നിങ്ങൾ പറയും "നീയൊരു കള്ളനാണ്. നീ അമേരിക്കയുടെ സ്ഥാനപതിയല്ല. അമേരിക്കയുടെ സ്ഥാനപതി ഒരിക്കലും ഇത്തരത്തിൽ പെരുമാറുകയില്ല."

ഇനി മറ്റൊരു മനുഷ്യൻ നിങ്ങളുടെ വീട്ടുവാതിൽക്കലോ ടെലിവിഷനിലോ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറയുന്നവെന്നു കരുതുക: "ഞാൻ കർത്താവായ യേശുക്രിസ്തുവിന്റെ സ്ഥാനപതിയാണ്. ഞങ്ങളുടെ വേല മുന്നോട്ടു കൊണ്ടുപോകുവാൻ കുറച്ചു പണം അത്യാവശ്യമായി വേണം. ഒരു നൂറു രൂപ ഞങ്ങളുടെ വേലയ്ക്കായി സംഭാവന ചെയ്യുമോ?" നിങ്ങൾ അയാളെ വിശ്വസിച്ചു പണം കൊടുക്കുന്നു. എന്തുകൊണ്ട്? കാരണം അമേരിക്കയുടെ സ്ഥാനപതി അന്തസ്സുള്ളവനും കർത്താവായ യേശുക്രിസ്തുവിന്റെ സ്ഥാനപതി കേവലം ഒരു യാചകനും ആണെന്നു നിങ്ങൾ വിശ്വസിക്കുന്നു! ഈ പ്രപഞ്ചത്തിൽ ഒരു വൻശക്തിയെ ഉള്ളു അത് സർവ്വശക്തനായ ദൈവമാണ്. അമേരിക്കയുടെ സ്ഥാനപതി ഈ ഭൂമിയിലെ വൻശക്തിയുടെ പ്രതിനിധി ആയിരിക്കാം. എന്നാൽ എല്ലാ താഴ്മയോടും ഞാൻ പറയട്ടെ. ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ ശക്തിയുടെ പ്രതിനിധിയാണു ഞാൻ. യേശുവിന്റെ ഒരു യഥാർത്ഥ ശിഷ്യനും അങ്ങനെയാണ്. നിങ്ങളും ആ സ്ഥാനപതിയെപോലെ അന്തസ്സോടെ പെരുമാറുമോ? അന്തസ്സില്ലാതെ വിലകുറഞ്ഞ തരത്തിൽ ക്രിസ്തീയ വേലക്കാർ ടെലിവിഷനിലും, സഭായോഗങ്ങളിലും, കത്ത് അയച്ചും പണത്തിനുവേണ്ടി യാചിച്ചുകൊണ്ടു യേശുക്രിസ്തുവിന്റെ അന്തസ്സ് കുറയ്ക്കുന്നത് കാണുമ്പോൾ എന്റെ ഹൃദയം ദുഃഖിക്കുന്നു. സങ്കീർത്തനം 50:12ൽ ദൈവം പറയുന്നു. "എനിക്കു വിശന്നാൽ ഞാൻ നിന്നോടു പറയുകയില്ല. കാരണം ലോകവും അതിലുള്ള സമസ്തവും എനിക്കുള്ളതാണ്." അതാണ് ഒരു

എല്ലാ താഴ്മയോടും ഞാൻ പറയട്ടെ. ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ ശക്തിയുടെ പ്രതിനിധിയാണു ഞാൻ. യേശുവിന്റെ ഒരു യഥാർത്ഥ ശിഷ്യനും അങ്ങനെയാണ്. നിങ്ങളും ആ സ്ഥാനപതിയെപോലെ അന്തസ്സോടെ പെരുമാറുമോ? അന്തസില്ലാതെ വിലകുറഞ്ഞ തരത്തിൽ ക്രിസ്തീയ വേലക്കാർ ടെലിവിഷനിലൂടെയും, സഭായോഗങ്ങളിലും, കത്ത് അയച്ചും പണത്തിനുവേണ്ടി യാചിച്ചുകൊണ്ടു യേശുക്രിസ്തുവിന്റെ അന്തസ് കുറയ്ക്കുന്നത് കാണുമ്പോൾ എന്റെ ഹൃദയം ദുഃഖിക്കുന്നു.

യഥാർത്ഥ ദൈവദാസനും പറയേണ്ടത്. "എനിക്കു വിശന്നാലോ എന്തെങ്കിലും ആവശ്യമുണ്ടെങ്കിലോ ഞാൻ ആരോടും പറയുകയില്ല. ഞാൻ സ്വർഗ്ഗത്തിലുള്ള എന്റെ യജമാനനോടു മാത്രം പറയും."

ഒരു രാജ്യത്തിന്റെ സ്ഥാനപതി തന്റെ മാതൃരാജ്യവുമായി എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നു. ഒരു ദിവസം പോലും അങ്ങനെ ബന്ധപ്പെടാതിരിക്കുവാൻ അയാൾക്കു കഴിയുകയില്ല. ഇങ്ങനെ വേണം നമ്മളും ജീവിക്കുവാൻ. എത്ര ദരിദ്രനാണെങ്കിലും ഒരു സൈക്കിൾ മാത്രമേ സ്വന്തമായിട്ട് ഉള്ളുവെങ്കിലും ഒരു സമ്പന്ന രാജ്യത്തിന്റെ സ്ഥാനപതിയുടെ അന്തസ്സോടെയും അഭിമാനത്തോടെയും

> എത്ര ദരിദ്രനാണെങ്കിലും ഒരു സൈക്കിൾ മാത്രമേ സ്വന്തമായിട്ട് ഉള്ളുവെങ്കിലും ഒരു സമ്പന്ന രാജ്യത്തിന്റെ സ്ഥാനപതിയുടെ അന്തസ്സോടെയും അഭിമാനത്തോടെയും പെരുമാറുന്ന ക്രിസ്തീയ വേലക്കാർ ഇന്ത്യയിൽ ഉണ്ടാകുന്ന ഒരു ദിവസത്തിനായി ഞാൻ കാത്തിരിക്കുന്നു. എന്നാൽ ഇന്ന് അങ്ങനെയുള്ള എത്ര ക്രിസ്തീയ വേലക്കാരെ നിങ്ങൾ കണ്ടിട്ടുണ്ട്? ഭൂരിപക്ഷം ക്രിസ്തീയ വേലക്കാരും അന്തസ്സുള്ള യാചകന്മാർ മാത്രമാണ്. അവർ എപ്പോഴും ധനവാന്മാരുടെ പിന്നാലെ ചെന്നു പണം ചോദിക്കുന്നു. അതാണു വലിയ ദുരന്തം.

പെരുമാറുന്ന ക്രിസ്തീയ വേലക്കാർ ഇന്ത്യയിൽ ഉണ്ടാകുന്ന ഒരു ദിവസത്തിനായി ഞാൻ കാത്തിരിക്കുന്നു. എന്നാൽ ഇന്ന് അങ്ങനെയുള്ള എത്ര ക്രിസ്തീയ വേലക്കാരെ നിങ്ങൾ കണ്ടിട്ടുണ്ട്? ഭൂരിപക്ഷം ക്രിസ്തീയ വേലക്കാരും അന്തസ്സുള്ള യാചകന്മാർ മാത്രമാണ്. അവർ എപ്പോഴും ധനവാന്മാരുടെ പിന്നാലെ ചെന്നു പണം ചോദിക്കുന്നു. അതാണു വലിയ ദുരന്തം.

നിങ്ങൾ ട്രെയിനിലോ ബസ്സിലോ യാത്ര ചെയ്ത് എവിടെയെങ്കിലും പോകുമ്പോഴും നിങ്ങൾ ക്രിസ്തുവിന്റെ സ്ഥാനപതിയാണെന്ന കാര്യം ഓർക്കുക.

6:3-10 വാക്യങ്ങളിൽ പൗലൊസ് താൻ എങ്ങനെയാണ് യേശുക്രിസ്തുവിന്റെ സ്ഥാനപതിയായി പെരുമാറുന്നതെന്നു പറയുന്നു: "ഞങ്ങളുടെ ശുശ്രൂഷയെ ആരും പഴിക്കാതിരിക്കേണ്ടിനു ഞങ്ങൾ ആർക്കും പ്രതിബന്ധം സൃഷ്ടിക്കുന്നില്ല. ഞങ്ങൾ എല്ലാവിധത്തിലും ദൈവത്തിന്റെ ശുശ്രൂഷകരെന്നു മഹാ സഹിഷ്ണുതയിലൂടെ ഞങ്ങളെത്തന്നെ കാണിക്കുന്നു. കഷ്ടതകൾ, വൈഷമ്യങ്ങൾ, ദുരിതങ്ങൾ, തല്ല്, തടങ്കൽ, കലഹം, അധ്വാനം, ഉറക്കിളപ്പ്, പട്ടിണി എന്നിവയിലും നിർമ്മലത, പരിജ്ഞാനം, ദീർഘക്ഷമ, ദയ എന്നിവയിലും പരിശുദ്ധാത്മാവിലും ആത്മാർത്ഥ സ്നേഹത്തിലും, സത്യഭാഷണത്തിലും ദൈവശക്തിയിലും തന്നെ; ഞങ്ങൾ ഇടത്തും വലത്തും നീതിയുടെ ആയുധങ്ങൾ വഹിച്ചുകൊണ്ടു മാനാപമാനങ്ങളിലൂടെയും ദുഷ്കീർത്തി സൽകീർത്തികളിലൂടെയും കടന്നുപോകുന്നു. പരമാർത്ഥികളെങ്കിലും വഞ്ചകരായും അറിയപ്പെടുന്നവരെങ്കിലും അറിയപ്പെടാത്തവരായും കരുതപ്പെടുന്നു. ഞങ്ങൾ മരിക്കുന്നുവെങ്കിലും ജീവിക്കുന്നു. അടികൊള്ളുന്നുവെങ്കിലും കൊല്ലപ്പെടുന്നില്ല. ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നു. ദരിദ്രരെങ്കിലും പലരേയും സമ്പന്നരാക്കുന്നു. ഒന്നുമില്ലാത്തവരെങ്കിലും എല്ലാം ഉള്ളവർ തന്നെ." അങ്ങനെയാണ് പൗലൊസ് ജീവിച്ചത്. അദ്ദേഹം സമ്പന്നതയുടെ സുവിശേഷത്തിൽ വിശ്വസിച്ചില്ല. *(തുടരും)*

(മൊഴിമാറ്റം : **സാജു ജോസഫ്**)

ഒരു പെൺകുട്ടിയുടെ കാഴ്ചപ്പാട്

അദ്ധ്യായം 17

# ക്രിസ്തുവിന്റെ ശരീരം

ആനി പുന്നൻ

**'പ്രാദേശിക സഭ'** എന്നതായിരുന്നു പ്രകാശിന്റെയും എന്റേയും ഹൃദയത്തിന്റെ ഒരേയൊരു താത്പര്യം! ദൈവഭവനം ഞങ്ങൾക്കു യഥാർത്ഥത്തിൽ സ്വന്ത ഭവനം പോലെയായിരുന്നു.

ഇക്കാര്യത്തിൽ എന്റെ അതേ മനോഭാവമായിരുന്നു പ്രകാശിനും എന്നതിൽ എനിക്ക് ഏറെ നന്ദിയുണ്ടായിരുന്നു. യേശു എന്നെ എന്റെ ജഡിക കുടുംബത്തിൽ നിന്നു വിടുവിച്ചത് തന്റെ കുടുംബത്തോടു ചേർക്കാനാണെന്ന് എനിക്കിപ്പോൾ വ്യക്തമായി കാണാൻ കഴിയുന്നുണ്ട്.

സഭയിൽ ഞങ്ങൾ കഷ്ടിച്ച് അറുപതു വിശ്വാസികളേ ഉണ്ടായിരുന്നുള്ളു. പക്ഷേ ഞങ്ങൾ അന്യോന്യം സഹായിച്ചു, കരുതി, പരസ്പരം സ്നേഹിച്ചു. ഈ നിലയിലാണു തന്റെ സഭ ആയിരിക്കേണ്ടതെന്നാണു ദൈവവും ആഗ്രഹിക്കുന്നത്.

സഭയിൽ അത്തരം ഒരു അന്തരീക്ഷം വന്നതിനു കാരണം ഞങ്ങളുടെ പാസ്റ്റർ ആയിരുന്നു. സ്വാർത്ഥതയില്ലാത്തവൻ. ശുശ്രൂഷയ്ക്കായി ദൈവത്തിൽ നിന്നു വ്യക്തമായ വിളി ലഭിച്ചവൻ. ഞാൻ പല ചത്ത സഭകളും ഇതിനു മുൻപു കണ്ടിരുന്നു. ഇതിന്റെയെല്ലാം കാരണം എനിക്കു മനസ്സിലായി: ഒരു സഭ ആത്യന്തികമായി അതിന്റെ നേതാവിനെപ്പോലെ ആകും.

പ്രകാശും ഞാനും ഞായറാഴ്ച രാവിലത്തെ യോഗത്തിലും ആഴ്ചയുടെ മധ്യത്തിലെ ബൈബിൾ പഠന ക്ലാസ്സിലും മുടങ്ങാതെ പങ്കെടുക്കുമായിരുന്നു. മറ്റു നഴ്സുമാരുമായി എന്റെ ജോലി സമയം ക്രമീകരിച്ച് ഈ യോഗങ്ങൾക്കു കൃത്യമായി എത്തുവാൻ ഞാൻ ഉത്സാഹിച്ചു. യോഗങ്ങൾ മുടങ്ങരുതെന്ന് എനിക്കു നിർബന്ധമുണ്ടായിരുന്നു.

ഞായറാഴ്ച രാവിലെത്തെ യോഗത്തിൽ പാട്ടു പാടുക, ദൈവത്തെ സ്തുതിക്കുക എന്നീ സമയങ്ങൾ വളരെ സജീവമായിരുന്നു. ഓരോ സമയത്തും അതെന്റെ ആത്മാവിനെ ഉണർത്തി. അതുപോലെ പ്രസംഗങ്ങളുടെ കുറിപ്പുകൾ ഞാനെടുക്കുമായിരുന്നു. എന്റെ ഒഴിവു സമയങ്ങളിൽ ഈ കുറിപ്പുകളിൽ നിന്നു ദൈവവചനത്തിലെ വാകൃങ്ങൾ ഞാൻ വീണ്ടും വായിക്കും, ധ്യാനിക്കും. മറ്റു നഴ്സുമാരുമായി ഇതിൽ നിന്നു കിട്ടുന്ന പ്രയോജനപ്രദമായ ചിന്തകൾ ഞാൻ പങ്കുവയ്ക്കും.

**യോഗത്തിൽ ഞാൻ എന്റെ തല മറയ്ക്കാൻ സ്കാർഫ് ഉപയോഗിക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു വെറും ആചാരമായിരുന്നില്ല. അത് എനിക്ക് ഒരു പ്രതീകവും ഓർമപ്പെടുത്തലുമായിരുന്നു. ഞാൻ കീഴടങ്ങിയിരിക്കണം, എന്റെ ഭർത്താവിനും സഭയിൽ നേതൃത്വത്തിലുള്ള സഹോദരങ്ങൾക്കും. അതാണു ദൈവം എനിക്കായി ഒരുക്കിയിരിക്കുന്ന ഇടം.**

സഭയിലെ സ്ത്രീയുടെ സ്ഥാനത്തെക്കുറിച്ചു ദൈവവചനം പഠിപ്പിക്കുന്നതെന്തെന്നു ഞാൻ പ്രത്യേകം ധ്യാനിക്കുമായിരുന്നു (1 തിമൊ. 2:9–15; 1 കൊരി. 14:34–38). പുരുഷനായിരിക്കണം സഭയുടെ നേതൃത്വം എന്നാണു ബൈബിൾ പഠിപ്പിക്കുന്നതെന്നു ഞാൻ കണ്ടു. ചെറിയ കാര്യങ്ങളിൽ പോലും ദൈവവചനം അനുസരിക്കാൻ ഞാൻ ആഗ്രഹിച്ചു. ഭർത്താവിനും സഭയിലെ മൂപ്പന്മാർക്കും കീഴടങ്ങിയിരിക്കുക, അവരുടെ ശുശ്രൂഷകൾക്കായി പ്രാർത്ഥിക്കുക എന്നീ കാര്യങ്ങൾ ചെയ്ത് ഒതുങ്ങി നില്ക്കാൻ ഞാൻ സസന്തോഷം തയ്യാറായി.

ഒരു സ്ത്രീ എന്ന നിലയിൽ എന്റെ വിളി സഭയിൽ മുഖ്യപ്രകാശത്തിൽ മുൻനിരയിൽ നില്ക്കുക എന്നതല്ല. മറിച്ച് ഒരു സഹായി എന്ന നിലയിൽ അണിയറയിൽ നില്ക്കുകയാണ് എന്റെ ദൗത്യം. സണ്ടേ സ്കൂളിൽ ഞാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുമായിരുന്നു. സഹോദരിമാരുടെയും വിശ്വാസിനികളായ നഴ്സുമാരുടെയും യോഗങ്ങളിൽ ഞാൻ വചനം പങ്കിടുകയും ചെയ്യുമായിരുന്നു.

യോഗത്തിൽ ഞാൻ എന്റെ തല മറയ്ക്കാൻ സ്കാർഫ് ഉപയോഗിക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു വെറും ആചാരമായിരുന്നില്ല. അത് എനിക്ക് ഒരു പ്രതീകവും ഓർമ്മപ്പെടുത്തലുമായിരുന്നു. ഞാൻ കീഴടങ്ങിയിരിക്കണം, എന്റെ ഭർത്താവിനും സഭയിൽ നേതൃത്വത്തിലുള്ള സഹോദരങ്ങൾക്കും. അതാണു ദൈവം എനിക്കായി ഒരുക്കിയിരിക്കുന്ന ഇടം (1 കൊരി. 11:3–16).

ഒരു സഹോദരി എന്ന നിലയിൽ ഞാൻ താഴ്ന്ന ഒരു ഇടം സ്വയം സ്വീകരിച്ചപ്പോൾ മറ്റിടങ്ങളിൽ ദൈവം എന്നെ സമൃദ്ധമായി അനുഗ്രഹിക്കാൻ തുടങ്ങി. കുഞ്ഞുങ്ങളെ പഠിപ്പിക്കുമ്പോഴും സഹോദരിമാരോടു സംസാരിക്കുമ്പോഴും ഒരഭിഷേകം ഞാൻ അറിഞ്ഞു.

കീഴടങ്ങൽ എന്റെ ആത്മാവിന്റെ ഒരു മനോഭാവമായി. അതു പുറമേയുള്ളതല്ല. കർത്താവായ യേശുക്രിസ്തുവിന്റെ ആത്മാവു തന്നെയാണത്. അവിടുന്നു തന്റെ പിതാവിനു കീഴടങ്ങിയിരുന്നല്ലോ. ഈ ഒരാത്മാവു ക്രമേണ നമ്മുടെ മുഴുവൻ അസ്തിത്വത്തിലേക്കും വ്യാപിക്കും. ദൈവം നമ്മെ അനുഗ്രഹിക്കും. നാം അനേകർക്ക് ഒരനുഗ്രഹമായിരിക്കുകയും ചെയ്യും.

മത്സരം സാത്താന്റെ അതേ ആത്മാവു തന്നെയാണെന്നും ഞാൻ കണ്ടെത്തി. ഞാൻ വിവേകം ഉള്ള ഒരു ഭാര്യയാണെങ്കിൽ, ഞാൻ എന്റെ ഭർത്താവിനു കീഴടങ്ങിയിരുന്നാണ് ഒരു ഭവനം പണിയുന്നത്– സഭ

ക്രിസ്തുവിന് എല്ലാറ്റിലും കീഴടങ്ങിയിരിക്കുന്നതുപോലെ (എഫേ. 5:24; സദൃശ. 14:1).

ദൈവവേലയ്ക്കു ക്രമമായി കൊടുക്കേണ്ടതുണ്ടെന്നും എനിക്കും പ്രകാശിനും തോന്നി. അത് ഏതെങ്കിലും ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. ഞങ്ങൾ സന്തോഷത്തോടെ നൽകി. സഭയിൽ ഞങ്ങൾ നൽകിയതു കൂടാതെ ഉത്തരേന്ത്യയിൽ പ്രവർത്തിക്കുന്ന രണ്ടു മിഷനറി സംഘടനകൾക്കും ഞങ്ങൾ മാസംതോറും ചെറിയൊരു തുക അയച്ചു കൊടുക്കുമായിരുന്നു. ഞങ്ങൾക്ക് അറിയാവുന്ന ദൈവദാസന്മാർക്കു വേണ്ടിയും ഞങ്ങൾ സ്ഥിരമായി പ്രാർത്ഥിച്ചു.

ഞങ്ങൾക്കു വീട്ടിൽ ഒന്നിനും മുട്ടുണ്ടായിരുന്നില്ല. ഞങ്ങൾ ദൈവത്തിനു കൊടുത്തിരുന്നതുകൊണ്ടു മിച്ചമുള്ളതു വീട്ടിലെ എല്ലാ ആവശ്യത്തിനും സമൃദ്ധിയായി അവിടുന്ന് അനുഗ്രഹിച്ചു നൽകി. കർത്താവിന്റെ വിശ്വസ്തത ജീവിതത്തിൽ ആവർത്തിച്ചു ഞങ്ങൾ അറിഞ്ഞുകൊണ്ടിരുന്നു.

എന്റെയും പ്രകാശിന്റെയും ജിവിതത്തിൽ പ്രാദേശിക സഭ നിർണായകമായ ഒരു ഘടകമായിരുന്നു. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ഞങ്ങൾക്ക് അതിൽ സജീവമായ ഒരു പങ്കുമുണ്ടായിരുന്നു. അവിടെ വിശുദ്ധന്മാരുമായുള്ള കൂട്ടായ്മ ഞങ്ങളുടെ ജീവിതങ്ങളെ പലവിധത്തിൽ സമ്പന്നമാക്കി.

പ്രശ്നങ്ങൾ വന്നപ്പോൾ ഞങ്ങൾ ദൈവജനത്തോടൊപ്പം പ്രാർത്ഥിച്ചു. ജീവിതത്തിൽ സമ്മർദ്ദങ്ങളെയും പരീക്ഷകളെയും നേരിട്ട ആളുകളെ ഞങ്ങളും സഹായിച്ചു. പരീക്ഷകൾ ദൈവം ഞങ്ങൾക്ക് അനുവദിക്കു

**ഒരേ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ നല്ല ഇഴയടപ്പമുള്ള ബന്ധം ഞങ്ങൾക്കു സഭയിലുള്ളവരോട് ഉണ്ടായിരുന്നു. നല്ല ഒരു സഭ ഇല്ലാത്തവരെക്കുറിച്ച് എനിക്കു സങ്കടം തോന്നി. കാരണം, അവർക്കു കൂട്ടായ്മയ്ക്ക് ആരുമില്ല. പ്രാദേശിക സഭയിലെ കൂട്ടായ്മയെ വിലമതിക്കാത്തവരോടും എനിക്കു സഹതാപമാണു തോന്നിയത്. ഞങ്ങളുടെ സഭയിലെ സഹോദരീസഹോദരന്മാരോടുള്ള കൂട്ടായ്മയിൽ ഞങ്ങൾ സ്വർഗ്ഗത്തിന്റെ ഒരു രുചി ആസ്വദിച്ചു.**

ന്നതു ഞങ്ങളെ തമ്മിൽ കൂടുതൽ അടുപ്പിക്കാനാണെന്നു ഞാൻ കണ്ടെത്തി. ഒരേ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ നല്ല ഇഴയടപ്പമുള്ള ബന്ധം ഞങ്ങൾക്കു സഭയിലുള്ളവരോട് ഉണ്ടായിരുന്നു. നല്ല ഒരു സഭ ഇല്ലാത്തവരെക്കുറിച്ച് എനിക്കു സങ്കടം തോന്നി. കാരണം, അവർക്കു കൂട്ടായ്മയ്ക്ക് ആരുമില്ല. പ്രാദേശിക സഭയിലെ കൂട്ടായ്മയെ വിലമതിക്കാത്തവരോടും എനിക്കു സഹതാപമാണു തോന്നിയത്.

ഞങ്ങളുടെ സഭയിലെ സഹോദരീസഹോദരന്മാരോടുള്ള കൂട്ടായ്മയിൽ ഞങ്ങൾ സ്വർഗ്ഗത്തിന്റെ ഒരു രുചി ആസ്വദിച്ചു. സത്യസന്ധമായും എനിക്കും പ്രകാശിനും അങ്ങനെ പറയാൻ കഴിയുമായിരുന്നു. (*തുടരും*)

(മൊഴിമാറ്റം : **സാന്ദ്ര**)

*21-ാം പേജിൽ നിന്ന് തുടർച്ച*

## അമ്മയുടെ മകൻ, ജോൺ

ആരോ ഒരാൾ കൊണ്ടു വന്ന ഗോവണി രണ്ടാം നിലയിലുള്ള കുഞ്ഞു ജോണിന്റെ മുറിയുടെ ജനലിന്നരികിലേക്ക് ഉയർത്തി. അത്ഭുതം എന്നേ പറയേണ്ടൂ. ജോൺ അവിടെ ത്തന്നെയുണ്ടായിരുന്നു. ജീവനോടെ തന്നെ. പേടിച്ചിട്ട് നിലവിളിക്കാൻ പോലുമായില്ല എന്നു മാത്രം. കുഞ്ഞിനെ പുറത്തേക്കു വലിച്ചെടുത്തതും മേൽക്കൂര കത്തി താഴേക്ക മർന്നതും ഒരുമിച്ചായിരുന്നു.

ദൈവനിയോഗത്താലാണ് ഇങ്ങനെ സംഭവിച്ചതെന്നു സൂസന്ന എപ്പോഴും പറയുമായിരുന്നു. അത്ഭുതകരമായ ആ രക്ഷപെടലിനു പിന്നിൽ ദൈവത്തിന്റെ അദൃശ കരങ്ങളുണ്ടെന്നതു വ്യക്തമായിരുന്നു. തന്റെ ഏതോ പദ്ധതിയുടെ നടത്തിപ്പിനായാണ് ജോണിനെ മരണത്തിൽ നിന്നും ജീവനിലേക്കു നടത്തിയതെന്ന് ആ മഹതിക്കു മുൻകൂട്ടി കാണാൻ കഴിഞ്ഞു എന്നതാണ് സത്യം. തന്റെ എല്ലാ കുഞ്ഞുങ്ങളുടേയും ആത്മീയ വളർച്ചയിൽ ശ്രദ്ധാലുവായിരുന്ന സൂസന്ന ഈ സംഭവത്തിനു ശേഷം ജോണിന്റെ കാര്യത്തിൽ പ്രത്യേക താത്പര്യം എടുത്തു തുടങ്ങി. പാപമാകുന്ന അഗ്നിയിൽ നിന്നും രക്ഷപെട്ടു വിശുദ്ധ ജീവിതത്താൽ ജ്വലിക്കുന്ന ഒരു തീക്കനലായി മാറുകയായിരുന്നല്ലോ ജോൺ വെസ്ലി.

വളരെ കർശന നിബന്ധനകളോടെയാണു സൂസന്ന കുട്ടികളെ വളർത്തിയത്. ഒരു വയസ്സാകുമ്പോഴേക്കും ശബ്ദം താഴ്ത്തിയേ കരയേണ്ടി വരുമ്പോൾ കരയാവൂ എന്നു പഠിപ്പിക്കുമായിരുന്നു എന്നു പറഞ്ഞാൽ മനസ്സിലാക്കാമല്ലോ. പ്രാഥമിക വിദ്യാഭ്യാസമെല്ലാം നടത്തുന്നത് അമ്മ തന്നെ. ആൺമക്കളും പെൺമക്കളും എന്ന വേർതിരിവൊന്നുമുണ്ടായിരുന്നില്ല. ആത്മീയ കാര്യങ്ങളിലെ ശിക്ഷണവും യഥാവിധി കുട്ടികൾക്കും കൊടുക്കും. പറയുന്നത് അനുസരിക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കും. ഇല്ലെങ്കിൽ തിരുത്തും. ഇതിനൊക്കെപ്പുറമെയാണ് ആഴ്ചയിൽ ഒരു ദിവസം ഓരോ കുഞ്ഞുങ്ങൾക്കുമായി മാറ്റി വച്ചിട്ടുള്ളത്. ആ സമയത്താണു പ്രത്യേകമായുള്ള മാർഗ്ഗ നിർദ്ദേശങ്ങളും വചനത്തിൽ നിന്നുള്ള ഉൽബോധനവും ഒക്കെ നൽകുക. അമ്മയോടു മനസ്സു തുറന്നു സംസാരിക്കാനും ഇതൊരവസരമായിരുന്നു. ഓരോരുത്തരും തങ്ങളുടെ ദിവസത്തിനായി കാത്തിരിക്കും. ജോണിന്റെ ദിവസം വ്യാഴാഴ്ചയായിരുന്നു. ഇങ്ങനെ ചെയ്യുന്ന ഏതെങ്കിലും മാതാപിതാക്കൾ ഇന്നുണ്ടായിരിക്കുമോ എന്നു സംശയിച്ചു പോകും. എവിടെ നിന്നായിരിക്കാം ആ മഹതിക്ക് ഈ ഉൾക്കാഴ്ച ലഭിച്ചത്? തിമൊഥെയോസിന്റെ അമ്മയുടേയും വലിയമ്മയുടെയും വിശ്വാസജീവിതത്തിന്റെ പ്രചോദനമാകാനാണ് സാദ്ധ്യത.

ഏഴു സഹോദരിമാർക്കിടയിലാണ് ജോൺ വളർന്നത്. പിൽക്കാലത്ത് അവരിൽ മിക്കവരും ജോണിനെപ്പോലെ തന്നെ അസംതൃപ്ത വിവാഹങ്ങളിലാണു ചെന്നു പെട്ടതും. ഇതിനൊക്കെ ആരെയാണ് പഴിക്കേണ്ടതെന്നറിഞ്ഞുകൂടാ. എങ്കിലും പലരും പറയുന്നത്, പെൺമക്കളുടെ അഭികാമ്യമായിരുന്ന പല സ്നേഹ ബന്ധങ്ങളേയും തല്ലിത്തകർത്തതു പിതാവു തന്നെയായിരുന്നു എന്നാ

ണ്. ഗത്യന്തരമില്ലാതെ അവരിൽ പലരും അനുയോജ്യരല്ലാത്തവരോടൊപ്പം പിന്നീട് ഇറങ്ങി പോവുകയായിരുന്നു. ഒരു പിതാവെന്ന നിലയിൽ അതിരു കടന്ന തന്റെ അവകാശബോധവും താത്പര്യവുമായിരിക്കാം പെൺമക്കളെ വിവാഹം കഴിച്ചു കൊടുക്കാതെ തന്റെ തന്നെ സംരക്ഷണവലയത്തിനുള്ളിൽ നിർത്താൻ സാമുവലിനെപ്രേരിപ്പിച്ചത്.

തന്നോടു തന്നെ താദാത്മ്യം പ്രാപിച്ച ഒരാളായിരുന്നില്ല സാമുവൽ വെസ്‌ലി. വിദൂര സ്ഥലത്തുള്ള തീരെ ചെറിയൊരിടവകയാണ് അദ്ദേഹത്തിനവകാശപ്പെടാനുണ്ടായിരുന്നത്. നാട്ടുകാരും അദ്ദേഹത്തെ വേണ്ട പോലെ മനസ്സിലാക്കിയോ എന്നു സംശയിക്കണം. വീട്ടിലാകട്ടെ, ഭാര്യയോടും കുഞ്ഞുങ്ങളോടും സമരസപ്പെട്ടു പോകാനും സാധിച്ചില്ല. ഇതെല്ലാം ചേർന്നു ചില പൊട്ടിത്തെറിക്കലൊക്കെ ഇടയ്ക്ക് ഉണ്ടാകും.

വിദ്യാഭ്യാസവും കുലീനതയും സൂസന്നയ്ക്കു ഭർത്താവിനെക്കാൾ മുൻതൂക്കം നൽകി. അവരുടെ സ്വാധീനം എല്ലാ കുഞ്ഞുങ്ങളിലും വ്യക്തമായിരുന്നു. പ്രത്യേകിച്ചു ജോണിന്റെ സ്വഭാവത്തിൽ. തന്റെ മുപ്പത്തി ഒമ്പതാമത്തെ വയസ്സുവരെ ജീവിച്ചിരുന്ന അമ്മ തന്നെയായിരുന്നു ജോണിന്റെ ആത്മീയ ഉപദേഷ്ടാവും പ്രചോദനവും. പലപ്പോഴും അവർ ഒരേ പുസ്തകം വായിക്കുകയും അവലോകനം നടത്തുകയും ചെയ്യുമായിരുന്നു. പിൽക്കാലത്തു തനിക്കു സ്വന്തമായി ഒരു ഭവനമുണ്ടായപ്പോൾ അമ്മയും അവിടെ സ്ഥിരതാമസത്തിനു വന്നു. അമ്മയ്ക്കു തുല്യമായൊരാളെ കണ്ടെത്താൻ സാധിക്കാതിരുന്നതുകൊണ്ടാണ് താൻ തന്റെ ചെറുപ്പകാലത്തു വിവാ

വിദ്യാഭ്യാസവും കുലീനതയും സൂസന്നയ്ക്കു ഭർത്താവിനെക്കാൾ മുൻതൂക്കം നൽകി. അവരുടെ സ്വാധീനം എല്ലാ കുഞ്ഞുങ്ങളിലും വ്യക്തമായിരുന്നു. പ്രത്യേകിച്ചു ജോണിന്റെ സ്വഭാവത്തിൽ. തന്റെ മുപ്പത്തി ഒമ്പതാമത്തെ വയസ്സുവരെ ജീവിച്ചിരുന്ന അമ്മ തന്നെയായിരുന്നു ജോണിന്റെ ആത്മീയ ഉപദേഷ്ടാവും പ്രചോദനവും.

ഹമേ വേണ്ടെന്നു വച്ചതെന്നു ജോൺ വെസ്‌ലി തന്നെ പറഞ്ഞിട്ടുണ്ട്. കുഞ്ഞുങ്ങളിൽ അമ്മമാരുണ്ടാക്കുന്ന സ്വാധീനം എത്ര വലുതാണ്! കുടുംബിനികളായ സ്ത്രീകൾ ഇക്കാര്യം ഓർക്കുന്നുണ്ടോ ആവോ.

അമ്മയുടെ പ്രായോഗിക ബുദ്ധിയുമായാണ് ജോൺ വളർന്നു വന്നത്. സഹോദരൻ ചാൾസിനാകട്ടെ അപ്പനിൽ നിന്നും കവിതാ വാസനയാണ് ലഭിച്ചത്. തന്റെ ഫലിതവും തമാശ കലർന്ന സംസാരരീതിയും സഹവിദ്യാർത്ഥികൾക്കിടയിൽ വളരെ വേഗം ജോണിനെ പ്രസിദ്ധനാക്കി. അതുപോലെ പ്രസംഗത്തിനും തർക്ക മത്സരങ്ങളിലും ജോൺ അദ്വിതീയനായിരുന്നു. കേൾവിക്കാരെ ചിരിപ്പിക്കാനും സന്തോഷിപ്പിക്കാനുമുള്ള ജോണിന്റെ കഴിവ് അപാരമായിരുന്നു. 'ജോൺ അടുത്തുണ്ടെങ്കിൽ ആർക്കും വിഷാദിച്ചിരിക്കാനാവുകയില്ലെ'ന്നു സഹോദരിമാരിൽ ഒരാൾ പറയുകയുണ്ടായി. *(തുടരും)*

അനുഭവം

# ഓരോ ചുവടിലും അനുസരണം

അദ്ധ്യായം 41

# അനന്തരം



**വെയിൽസിലെ** ഉണർവ്വിനെ തുടർന്നു ദൈവത്താൽ ഉപയോഗിക്കപ്പെട്ട **ഖനിത്തൊഴിലാളി റീസ് ഹോവൽസ്** ധന്യമായ ജീവിത മാതൃക പിന്നിൽ അവശിഷിപ്പിച്ച് തന്റെ 'ഓട്ടം തികച്ചു.'

പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്കായി തന്നെത്തന്നെ സമ്പൂർണ്ണമായി സമർപ്പിച്ചിടത്തായിരുന്നു റീസിന്റെ തുടക്കം. പിന്നീടു തന്റെ ഗ്രാമത്തിലും ചുറ്റുപാടും ചെറുതും വലുതുമായ ഒട്ടേറെ കാര്യങ്ങളിൽ ദൈവം നൽകിയ ഭാരങ്ങൾ റീസ് ഏറ്റെടുത്തു. മധ്യസ്ഥ പ്രാർത്ഥനയായിരുന്നു റീസിനു ദൈവം കൊടുത്ത പ്രത്യേക ശുശ്രൂഷ. അദ്ദേഹം അതിൽ വിശ്വസ്തനായിരുന്നു. പ്രാർത്ഥനകൾക്കു ദൈവം അത്ഭുതകരമായ വിധത്തിൽ മറുപടി നൽകാൻ തുടങ്ങിയപ്പോൾ റീസ് ആളുകളുടെ ശ്രദ്ധാകേന്ദ്രമായി. പക്ഷേ അദ്ദേഹം അതു ഗൗനിച്ചില്ല. 'ഞാനോ കുറയേണം, അവനോ വളരേണം' എന്നതായിരുന്നു അദ്ദേഹത്തിന്റെ ആദർശ വാക്യം.


ജീവിതത്തിന്റെയും ശുശ്രൂഷയുടെയും രണ്ടാം ഘട്ടത്തിൽ അദ്ദേഹം തന്റെ ഗ്രാമവും പരിചിതമായ ഇടവും വിട്ട് സുവിശേഷ വയലുകളിലേക്കു പോയി. അങ്ങനെയാണ് അദ്ദേഹം ആഫ്രിക്കയിലെത്തിയത്. അവിടെ, ഉണർവ്വിന് റീസ് ദൈവകരങ്ങളിൽ അത്ഭുതകരമായി ഉപയോഗിക്കപ്പെട്ടു. അവിടെയും മുഖ്യമായും അദ്ദേഹം ഒരു പ്രാർത്ഥനാപോരാളിയായിരുന്നു.

ശുശ്രൂഷയുടെ മൂന്നാം ഘട്ടത്തിൽ വീണ്ടും വെയിൽസിലേക്ക്. ഇക്കുറി റീസിൽ നിന്നു നാം പ്രതീക്ഷിക്കാത്ത നിലയിലുള്ള ഒരു പ്രവർത്തനത്തിനാണ് ദൈവം അദ്ദേഹത്തെ നിയോഗിച്ചത്. വെയിൽസിൽ എസ്റ്റേറ്റുകൾ വാങ്ങി മിഷനറിമാരുടെ കുട്ടികൾക്കുള്ള ഹോസ്റ്റലുകൾ, സ്കൂളുകൾ, ബൈബിൾ കോളജുകൾ എന്നിവ ആരംഭിച്ചു. എന്നാൽ ഈ ഘട്ടത്തിലും മധ്യസ്ഥ പ്രാർത്ഥന എന്ന ദൗത്യം ശക്തമായി തുടർന്നു. ഇക്കുറി പ്രാർത്ഥന ചുറ്റുവട്ടത്തുള്ള സാധാരണ കാര്യങ്ങൾക്കു വേണ്ടിയായിരുന്നില്ല എന്നു മാത്രം. മറിച്ച് ലോക ചരിത്രത്തെയും രാജ്യങ്ങളുടെ ഭാവിയേയും ബാധിക്കുന്ന വലിയ കാര്യങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥനയായിരുന്നു അത്. അതുപോലെ റീസിനു ലഭിക്കുന്ന ഭാരത്തിനൊപ്പം അദ്ദേഹത്തോടു തോളോടു തോൾ ചേർന്നു നിന്നു പോരാടാൻ തയ്യാറുള്ള കോളജിലെ 'പ്രാർത്ഥനാപോരാളികളുടെ' ഒരു നിരയും ഈ ഘട്ടത്തിൽ ഒപ്പമുണ്ടായിരുന്നു!

റീസ് ഹൊവൽസ് ഒടുവിൽ നല്ല

പോർ പൊരുതി, ഓട്ടം തികച്ചു നിത്യതയിൽ പ്രവേശിച്ചു. അദ്ദേഹം നേതൃത്വം കൊടുക്കാൻ ഉണ്ടായിരുന്നില്ലെങ്കിലും വെയിൽസിലെ ബൈബിൾ കോളജും സ്കൂളും ഹോസ്പിറ്റലും പഴയതുപോലെ തന്നെ പ്രവർത്തിച്ചു. റീസിന്റെ മകൻ സാമുവൽ ഹൊവൽസ് എല്ലാറ്റിനും നേതൃത്വം കൊടുത്തു കൊണ്ടു പിതാവിന്റെ കാൽച്ചുവടുകൾ പിൻതുടർന്നു. മിഷനറിമാരുടെ കുട്ടികൾക്കു വേണ്ടിയുള്ള ഹോസ്റ്റലിൽ മാത്രം 98 പേർ ഉണ്ടായിരുന്നു. എല്ലാ കാര്യത്തിനും സാമുവൽ ഹൊവൽസിനെ സഹായിക്കാൻ റീസിന്റെ പ്രാർഥനാ പോരാളികൾ അപ്പോഴും ഉണ്ടായിരുന്നു. അവരിൽ മിക്കവരും പത്തു വർഷത്തിലേറെയായി കോളജിന്റെ സുഹൃത്തുക്കളായി സേവനം അനുഷ്ഠിച്ചവരായിരുന്നതിനാൽ റീസിന്റെ രീതികൾ എല്ലാം അറിയാവുന്നവരായിരുന്നു! അവർ കോളജിൽ തന്നെ പല ജോലികൾ ചെയ്തു. ചിലർ അധ്യാപകരായിരുന്നു. മറ്റു ചിലർ സെക്രട്ടറിമാരും തൊഴിലാളികളും തോട്ടക്കാരുമായിരുന്നു. എല്ലാവരും കർത്താവുമായി അടുത്ത ബന്ധം പുലർത്തുന്നവരും കറ തീർന്ന വിശ്വാസികളും!

കോളജിൽ കുട്ടികൾ വിശ്വാസ ജീവിതവും സുവിശേഷ വയലുകൾ സംബന്ധിച്ചു ദർശനവും ഉള്ളവരായി പഠിച്ചു. ദൈവവചനത്തിലുള്ള ആഴമായ പഠനവും കോളജിൽ അവർക്കു ലഭ്യമായി.




കോളജിനു സമീപം തന്നെയാണു ഹോസ്പിറ്റൽ പ്രവർത്തിച്ചിരുന്നത്. ഏകദേശം 25 പേരെ കിടത്തി ചികിത്സിക്കാവുന്ന ചെറിയ തോതിലുള്ള ഒരു ഹോസ്പിറ്റൽ. കോളജിലും സ്കൂളിലും പഠിക്കുമ്പോൾ രോഗികളാകുന്ന കുട്ടികളുടെ ചികിത്സാ കാര്യങ്ങൾ അവിടെത്ത ന്നെ നോക്കും. സുവിശേഷ വയലുകളിൽ നിന്ന് അവധിക്കു നാട്ടിലെത്തു ന്ന മിഷനറിമാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ ചികിത്സയും ആരോഗ്യ പരിപാലനവുമായിരുന്നു ആശുപത്രിയുടെ മറ്റൊരു ധർമ്മം. എന്നാൽ മരുന്നു കൊടുക്കുക മാത്രമല്ല, അത്ഭുത രോഗശാന്തിക്കു വേണ്ടിയുള്ള പ്രാർത്ഥനകളും ഈ ഹോസ്പിറ്റലിൽ നടന്നിരുന്നു എന്നതു വൈരുദ്ധ്യമായിത്തോന്നാം. മരുന്നിലൂടെയായാലും പ്രാർത്ഥനയിലൂടെയായാലും രോഗസൗഖ്യം ദൈവത്തിൽ നിന്നാകയാൽ ഇതിൽ ഒരു വൈരുദ്ധ്യമില്ലതാനും.

സ്കൂളിൽ അഞ്ചിനും 18 വയസ്സിനും ഇടയ്ക്കുള്ള നാനൂറിൽപരം ആൺകുട്ടികളും പെൺകുട്ടികളുമാണു പഠിച്ചിരുന്നത്. ബ്രിട്ടനിലെ പ്രിപ്പറേറ്ററി, സെക്കൻഡറി സ്കൂളുകളിലൊന്നെന്ന നിലയിൽ അക്കാദമിക് തലത്തിൽ ശ്രദ്ധേയമായ ഒരു വിദ്യാലയമായിരുന്നു ഇത്. എന്നാൽ അതിലുപരി ഹെഡ്മാസ്റ്റർ ഡോ. കിങ്സ്‌ലി സി. പ്രിഡ്ഡി, ഹെഡ്മിസ്ട്രസ് ഡോറിസ് എം. റൂസ്കോ എന്നിവരുൾപ്പെടെ സ്കൂളിലെ മുഴുവൻ സ്റ്റാഫംഗങ്ങളും രക്ഷിക്കപ്പെട്ടവരായിരുന്നു. അവരുടെ പ്രധാന ദൗത്യമാകട്ടെ സ്കൂളിലെ കുഞ്ഞുങ്ങളെ കർത്താവിലേക്കു നടത്തുക എന്നതും!

ഇതിന്റെ ഫലമായി മൂന്നു നാലു പ്രാവശ്യം സ്കൂളിൽ വലിയ ഉണർവ്വുണ്ടായി. പല കുട്ടികൾ കർത്താവിനെ രക്ഷകനായി

സ്വീകരിച്ചു. സ്കൂൾ അനുഗ്രഹമായി മാതാപിതാക്കൾക്കും അനുഭവപ്പെട്ടു. സ്വാൻസിയായിലും ചുറ്റുപാടുമുള്ള ജില്ലകളിലും ഉള്ള അനേകർ തങ്ങളുടെ കുട്ടികളെ ഈ സ്കൂളിലേക്കു തന്നെ അയയ്ക്കാൻ ആഗ്രഹിച്ചു!

റീസ്, സ്കൂൾ ആരംഭിച്ചതിന്റെ യഥാർത്ഥ കാരണം മിഷനറിമാരുടെ കുട്ടികളെ പഠിപ്പിക്കുവാൻ ക്രൈസ്തവ ദർശനമുള്ള ഒരു വിദ്യാലയം വേണം എന്നുള്ളതായിരുന്നല്ലോ. അന്നു മുതൽ തന്നെ മിഷനറിമാരുടെ കുട്ടികൾ ഈ സ്കൂളിലാണു പഠിച്ചിരുന്നത്. മിഷനറിമാരുടെ കുട്ടികൾ മാത്രം 65 കുഞ്ഞുങ്ങൾ മിക്ക വർഷങ്ങളിലും ഇവിടെ ഉണ്ടായിരുന്നു. അവർ സന്തുഷ്ടരായി, അവിടെ കഴിഞ്ഞു.

വിദേശങ്ങളിലെ എല്ലാ മിഷനറി പ്രവർത്തനങ്ങളിലും കോളജിനു സജീവമായ താത്പര്യം ഉണ്ടായിരിക്കെത്തന്നെ കോളജിലെ മുൻ വിദ്യാർത്ഥികൾ പോയ ചില സ്ഥലങ്ങളിൽ കോളജിനു നേരിട്ടു കേന്ദ്രങ്ങളും ശാഖകളുമുണ്ടായിരുന്നു. പാരീസിലെ മിഷൻ ഹൗസ് ഇത്തരമൊന്നാണ്.

കോളജുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ഡോക്ടർ മാർഗരറ്റ് ഫിറ്റ്സ് ഹെർബർട്ടിനെ എത്യോപ്യയിലെ ചക്രവർത്തിയുടെ നേരിട്ടുള്ള അഭ്യർത്ഥന അനുസരിച്ചു അങ്ങോട്ടു വിട്ടതും എടുത്തു പറയണം. ഗൈനക്കോളജി വിദഗ്ധയായ അവൾ ആഡിസ് അബാബയിലെ 'ഹെയ്‌ലി സിലാസി ഹോസ്പിറ്റ'ലിൽ ചാർജെടുത്തു. തുടർന്നു ചില നഴ്സുമാരെയും അങ്ങോട്ട് അയച്ചു. അവരാരും അംഗീകൃത മിഷനറിമാരായിരുന്നില്ലെങ്കിലും എത്യോപ്യയുടെ തലസ്ഥാന നഗരത്തിന്റെ ഹൃദയ ഭാഗത്തു തന്നെ അവർ ക്രിസ്തുവിന്റെ ഫലപ്രദമായ സാക്ഷികളായി പ്രവർത്തിക്കാനിടയായി. ഫലം നാട്ടുകാർ പലരും രക്ഷകനെ കണ്ടു മുട്ടി.

ലബനിലും രണ്ടു മുതിർന്ന അമേരിക്കൻ മിഷനറിമാർ ഒരു മിഷൻ സ്കൂൾ നടത്തിയിരുന്നു. നൂറിൽപരം കുട്ടികൾ പഠിച്ചിരുന്ന ഈ സ്കൂളിൽ വെയിത്സിലെ കോളജിൽ നിന്നുള്ള രണ്ടുപേർ കൂടി ചെന്നു ചേരാനിടയായി. സാമുവൽ ഹൊവൽസും ഇവിടം സന്ദർശിച്ചു. തുടർന്നു ലബനനു പുറമേ പഴയ യെരുശലേമിലും ഒരു മിഷനറി സെന്റർ തുറക്കാനിടയായി.

ഇതുകൂടാതെ ഇന്ത്യാ, നൈജീരിയാ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലും സുവിശേഷ പ്രവർത്തനം നടത്തുന്ന മിഷനറിമാരുമായി കോളജ് ബന്ധം സ്ഥാപിച്ചിരുന്നു.

വേനൽക്കാലത്തു കോളജിൽ സ്ഥിരമായി നടന്നിരുന്ന കോൺഫ്രൻസിലൂടെയും അനേകർ അനുഗ്രഹിക്കപ്പെട്ടു. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ളവർ റീസിന്റെ അനുഭവങ്ങൾ വായിച്ചറിഞ്ഞ് ഈ കോൺഫ്രൻസിൽ സംബന്ധിക്കുവാൻ വരും. അവർക്കെല്ലാം വേനൽക്കാല കോൺഫ്രൻസിൽ പ്രവേശനം ഉണ്ടായിരുന്നു. അവർ കോൺഫ്രൻസിന്റെ ഇടവേളകളിൽ, കോളജു കോമ്പൗണ്ടിൽ തന്നെ കഴിഞ്ഞിരുന്ന മിസ്സിസ് റീസ് ഹൊവൽസിനെ കണ്ട് സന്തോഷം പങ്കിടുമായിരുന്നു...! റീസിന്റെ ദൈവാശ്രയത്തിന്റെ നീക്കിയിരിപ്പായി കോളജ് അതിന്റെ ദൗത്യം തുടർന്നു കൊണ്ടേയിരുന്നു...

'ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്കു പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ.' ▪

(*അവസാനിച്ചു*)

(മൊഴിമാറ്റം : **ജിടിഎസ്**)




# THE LORD IS MY SHEPHERD

Sandeep Poonen

**Question:**

Can you please help me understand the meaning of Psalm 23? For example, why does the Shepherd make me lie down in green pastures rather than make me eat there?

**Answer:**

***Verse 1: The Lord is my shepherd, I shall not want.***

"I shall not want" can be paraphrased as "I do not have lack." This is definitely not support for the prosperity gospel of earthly riches. Reading this whole chapter reveals somebody who goes through difficult circumstances but can still testify to a God who provides all his needs. So the sheep of God are not ones exempt from very hard circumstances, but ones who even still proclaim, "I do not have any lack with God as my altogether Good Shepherd!"

***Verse 2: He makes me lie down in green pastures; He leads me beside quiet waters.***

What does a sheep typically do in green pastures? Eat!!! But that's not what the Good Shepherd makes His sheep do. He makes us lie down and rest when our instincts tell us to eat. He teaches us to rest in Him first of all, rather than immediately satisfying our appetites. And He brings us to a place of rest alongside quiet waters rather than allowing us to drink at the first sight of water (He satisfies our thirst and hunger later, and in a much better way).

The first day of Adam/Eve's existence was a day of rest (the 7th day of creation). So Adam/Eve's first day wasn't spent being fruitful or multiplying or even ruling over the rest of creation – even those were all commanded by God. They spent their first day resting with God; this came first!

God desires sheep who long for the company of the Good Shepherd most of all. Such sheep are not WORRIED about their provisions. They know He will provide that for them, so they prioritize resting with Him and putting Him first (Matthew 6:33).

***Verse 3: He restores my soul; He guides me in the paths of righteousness for His name's sake.***

The Shepherd makes us *lie down* in the place where sheep normally eat, and leads us *besides* the still waters where sheep normally quench their thirst, because He is most of all interested in the RESTORATION of our souls. He will not deprive us of our physical needs. But He is firm about

the right priorities. He knows that the restoration of our souls is of primary importance.

So I am wise if I refuse to think of God as a mean puppet-master. He is altogether good. And no matter what my complaints and grumblings are, God remains steadfast in His purpose to restore my soul from all the poison of sin that plagues me, and my selfish tendency to set my mind on earthly things and thereby destroy myself.

***Verse 4a: Even though I walk through the valley of the shadow of death, I fear no evil, for You are with me;***

A sister who had recently lost her husband through tragic circumstances shared this with me: God does not lead us through the dark valley of death; He leads us through the dark valley of the SHADOW of death. Toddlers might be intimidated by their own shadow, but not adults. A shadow poses no threat. So also, there is no sting in death, because the sting of death is sin (1 Corinthians 15:55-57) and our sins have been cleansed by Jesus's blood for those who believe.

Freedom from the *fear* of evil and the shadow of death is found in God's presence (You are with me). Our advance preparation for these dark trials is to simply grow in our trust of God and His Word. None of us are promised exemption from evil or death. But all of us who believe in Jesus Christ can find freedom from the paralyzing *fear* of evil and death.

***Verse 4b: Your rod and Your staff, they comfort me.***

The Shepherd's staff yanks me out of harm's way, and rescues me from the briars of sin that I might be entangled in. So there is clear comfort in His staff.

But His rod is less enjoyable (Hebrews 12:11). It corrects me in areas of small disobediences, and rebukes me for even minor ways where I seek my own will rather than the Shepherd's will. But I **must** grow in valuing the need for and even finding the comfort of His rod. As I walk with Jesus, I must recognize that His rod is critical to protect and mature me. So I don't draw back from His correction, and even find comfort (security) in His loving protective correction.

***Verse 5: You prepare a table before me in the presence of my enemies; You have anointed my head with oil; my cup overflows.***

The Good Shepherd does not have me eat the green pastures (He makes me *lie down* there) or drink from the still waters (He guides me *beside* them). There's a very good reason for this: **He has a home-cooked feast waiting for us, and in a much better setting**.

This is just like a loving Dad who ignores his child's tearful requests to buy food at the various stores they pass by on their way home, because he knows that the boy's mother is preparing all the child's favorite foods at home. Once the child sees the feast and the endless drinks at home, he will forget all thoughts of complaints of the Dad's earlier refusals.

Such is the feast God prepares for us. But the feast is all the more special because it is set in the most remarkable of places: IN THE PRESENCE OF OUR ENEMIES.

Just imagine how a sheep might fantasize with thoughts of revenge to-

wards the wolves. Imagine how a sheep would LOVE to somehow avenge all the torment it faces from the wolves. How it might wish for the strength to utterly crush the next wolf that attacks it, rather than constantly running away and even losing loved ones to the wolves.

Here's the torment the Good Shepherd has in mind for our enemies: He makes all our enemies (the wolves of the devil and his forces) line up. And in the presence of these salivating wolves, He prepares a feast along with overflowing cups for me. The wolves are tortured as they are forced to watch, salivating but helpless because they cannot touch me. The Good Shepherd has disarmed the enemy, and they're forced to sit there and be humiliated by God's favor on me (Colossians 2:13-15). In the presence of my enemies, God makes a public display of His great favor to me by anointing my head with the oil of His Holy Spirit. The Holy Spirit is not some small gift from God; He is part the Triune God Himself. So the Holy Spirit ***Himself*** is poured out on me (Romans 5:5). This is so much better than a King giving me His signet ring of authority and power. This is the King giving His very Self (His Divine Nature - 2 Peter 1:4) to me.

***Verse 6a: Surely goodness and lovingkindness will follow me all the days of my life,***

Now what happens when I get up from such a table, anointed with the Holy Spirit and full from feasting and drinking of the goodness of God (all in the presence of my enemies)? I will get up filled to overflowing and DRIPPING with the goodness and the lovingkindness of God.

So as I continue my journey, this is the trail that I leave behind me. Yes, I surely leave a trail of godly character and godly virtues. But that is not the ***essence*** of the trail left behind by the sheep of God. The sheep of God have nothing to boast in themselves, except of GOD'S goodness and lovingkindness towards them.

**This is the lasting memory (trail) that they leave behind: Ones who have been restored, drenched, and empowered by the goodness and lovingkindness of God**.

***Verse 6b: And I will dwell in the house of the Lord forever.***

But none of these things above is my goal. My goal is singular: To be at home with the Lord.

So my goal is not the green pastures or the still waters. And my goal is not the humiliation of my enemies as I am blessed by God. And neither is my goal the trail of lovingkindness and goodness that I leave behind. That is all part of my legacy and my life, but this is not my goal or my glory. My goal is simply to dwell in the house of the Lord forever.

So I am single-minded and purposeful to pursue this one thing: To dwell in God's house forever.

His company (and where He lives) is all that I seek.

HE ALONE AND HIS COMPANY ALONE is what I seek.

I pray that the Lord will help us live this blessed life. ▪

*(please mail your genuine doubts to: sandeep@poonen.org)*

*4-ാം പേജിൽ നിന്ന് തുടർച്ച*

## ഫലസമൃദ്ധിയുടെ പുതുവത്സരം

വുള്ളവന്റെ അതിജീവനം' (survival of the fittest) എന്ന കാട്ടു നീതിയാണ് ഇന്നത്തെ സമൂഹത്തെയും നയിക്കുന്നത്. ഇതെല്ലാം പലരിലും തികഞ്ഞ അരക്ഷിത ബോധമാണു സൃഷ്ടിക്കുന്നത്. എന്നാൽ സർവ്വ ലോകത്തെയും സൃഷ്ടിച്ച, എന്നെ സ്നേഹിക്കുന്ന, വലിയവനായ ദൈവത്തിന്റെ മുൻ നിർണയത്തിന്റെ ഫലമായി ഒരു പ്രത്യേക സ്ഥലത്ത്, സാഹചര്യത്തിൽ, നടപ്പെട്ട ഒരു വൃക്ഷമാണു ഞാനെന്നും (എഫെ. 1:4), എനിക്കു സംഭവിക്കുന്നതെല്ലാം തന്റെ സ്ഥിര നിർണയത്താലും മുന്നറിവിനാലുമാണെന്നും (പ്രവൃത്തി 2:23) ഞാൻ ചെയ്യേണ്ട പ്രവൃത്തികളൊക്കെയും അവിടുന്നു മുന്നൊരുക്കിയവയാണെന്നും (എഫെ. 2:10) ഉള്ള ദൈവവചനം നൽകുന്ന ഉറപ്പ്, അരക്ഷിതമായ ഈ കാലഘട്ടത്തിൽ നമുക്കു വലിയ സുരക്ഷിതത്വ ബോധം നൽകും. അതു നമ്മെ പരാതികളിൽ നിന്നും അന്യോന്യം താരതമ്യം ചെയ്യുന്നതിൽ നിന്നും വലിയ ഒരളവിൽ വിടുവിക്കും.

രണ്ടാമത്, ഉപമയിലെ യജമാനൻ തിരയുന്നതു ഫലമാണ് (7-ാം വാക്യം). നമ്മിലെ ഫലത്തിന്റെ അഭാവത്തെ ഇലകളുടെ സമൃദ്ധികൊണ്ടു പരിഹരിക്കാനാവില്ല. ഫലത്തിനു ഫലം തന്നെ വേണം. വൃക്ഷത്തിന്റെ അനന്യത (identity) ഇലയല്ല, ഫലമാണ് (മത്താ. 7:20). ദൈവത്തെ നമുക്ക് ഇലകളുടെ തളിർപ്പുകൊണ്ടു കബളിപ്പിക്കാനാവില്ല (മത്താ.21:18-20 വായിക്കുക). ഈ സംഭവത്തിലേതു പോലെ യേശു ഇന്നു വിശപ്പോടെ നമ്മുടെ ജീവിതവൃക്ഷത്തെ സമീപിച്ചാൽ നമുക്കു തന്റെ വിശപ്പടക്കുവാൻ കഴിയുമോ? ഇല്ലെങ്കിൽ അത് എത്ര നിർഭാഗ്യകരമായിരിക്കും!

പലപ്പോഴും മനുഷ്യമനസ്സ്, പല കുറുക്കു വഴികൾ തേടുകയും യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോട്ടങ്ങൾ നടത്തുകയും ചെയ്യാറുണ്ട്. ഇത്തരം ഒരു സംഭവം ഏദൻ തോട്ടത്തിൽ നടന്നത് ഇവിടെ ഓർമിക്കേണ്ടതുണ്ട്. വിലക്കപ്പെട്ട കനി തിന്ന് ദൈവതേജസ്സു നഷ്ടപ്പെട്ടു നഗ്നരായി തീർന്നപ്പോൾ ആ യാഥാർത്ഥ്യത്തെ അംഗീകരിച്ചു പരിഹാരത്തിനായി ദൈവത്തെ തന്നെ ആശ്രയിക്കേണ്ടതിനു പകരം ആദിമ പുരുഷനും സ്ത്രീയും ഒരുതരം രക്ഷപ്പെടലാണ് (escapism) നടത്തിയത്. അത്തിയില കൂട്ടിത്തുന്നി അരയാട ഉണ്ടാക്കി തങ്ങളുടെ യഥാർത്ഥ അവസ്ഥയെ അവർ ഒളിച്ചു വച്ചു. പക്ഷേ അവർക്കു ദൈവത്തെ കബളിപ്പിക്കുവാൻ കഴിഞ്ഞില്ല (ഉൽപ. 3:7). നാമും ഇന്നു യേശുവിന്റെ വിശപ്പടക്കുവാൻ ഫലം നൽകാതെ ഇലകളുടെ മറവിൽ രക്ഷപ്പെടാൻ ശ്രമിക്കുകയാണോ? പ്രവൃത്തിയാണു ഫലം, വാക്കുകളാണ് ഇല. പ്രവൃത്തിയില്ലാത്ത ഒട്ടേറെ വാക്കുകൾ കൊണ്ടും ആത്മീയ ഭാഷ കൊണ്ടും നാം ആരെയാണു കബളിപ്പിക്കുവാൻ ശ്രമിക്കുന്നത്? രണ്ടായാലും ദൈവത്തെ വഞ്ചിക്കാൻ കഴിയുകയില്ല (ഗലാ. 6:7).

യേശു അത്തിയിൽ ഫലം തിരഞ്ഞ സംഭവം മർക്കൊസ് രേഖപ്പെടുത്തുമ്പോൾ 'അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു' (11:13) എന്നു കൂട്ടിച്ചേർക്കുന്നുണ്ട്. അപ്പോൾ ഫലം തിരഞ്ഞതിന്റെയും വൃക്ഷത്തെ ശപിച്ചതിന്റെയും ന്യായം എന്താണ്? അത് ഇങ്ങനെ വിശദീകരിക്കാം: അത്തിമ

രത്തിന്റെ പ്രത്യേകത, ഫലകാലം അല്ലെങ്കിലും അതിന്റെ ശിഖരങ്ങളിൽ ഇലകൾക്കുള്ളിലായി തലേ ഫലകാലത്തിന്റെ ബാക്കിയായി ചില 'തലപ്പഴങ്ങൾ' ഉണ്ടായിരിക്കും എന്നതാണ് (യെശ.17:6). യേശു അത്തിവൃക്ഷത്തിന്റെ അടുത്തു ചെന്ന് ഇതാണു തിരഞ്ഞത്. അത് ഇല്ലാതെ ഇരുന്നത് അത്തിവൃക്ഷത്തിന്റെ തന്നെ കുറവാണ്!

ആട്ടെ, ഫലകാലമല്ലെങ്കിലും നമ്മിൽ ഫലമുണ്ടായിരിക്കണം എന്നതിൽ നിന്നു നാം ഉൾക്കൊള്ളേണ്ട ആത്മികപാഠം എന്താണ്? ചിലപ്പോൾ സ്വാഭാവികമായി വലിയ ആത്മീയ ഉണർവ്വിന്റെ സമയത്തോ കൂട്ടായ്മാ യോഗങ്ങളിൽ വൈകാരികമായി ഉണർത്തപ്പെട്ട സന്ദർഭങ്ങളിലോ ആയിരിക്കുകയില്ല നാഥൻ ഫലം തിരഞ്ഞു നമ്മെ സമീപിക്കുന്നത്. മറിച്ചു വന്ധ്യവും ഊഷരവുമായ, വലിയ ആത്മീയതയൊന്നും തോന്നാത്ത, നിത്യസാധാരണമായ ജീവിത സാഹചര്യങ്ങളിൽ നാം ആയിരിക്കുമ്പോഴായിരിക്കും അവിടുന്നു ഫലം തിരഞ്ഞു നമ്മെ സമീപിക്കുന്നത്. അപ്പോൾ ചില 'തലപ്പഴ'ങ്ങളെങ്കിലും കാഴ്ച വയ്ക്കുവാൻ നമ്മുടെ പക്കലുണ്ടാകുമോ?

മൂന്നാമത്, കൃഷിക്കാരൻ യജമാനനോട് അത്തിവൃക്ഷത്തിനുവേണ്ടി അപേക്ഷിക്കുമ്പോൾ പുതുവർഷത്തിൽ താൻ അതിന്റെ 'ചുറ്റും കിളയ്ക്കാം' എന്നാണു പറയുന്നത് (8-ാം വാക്യം). വൃക്ഷത്തിനു ചുറ്റും കിളച്ചാൽ തീർച്ചയായും അതിന്റെ ഉപരിതലത്തിലെ വേരുകൾ പൊട്ടും. അത്തിമരത്തിനു കിളയ്ക്കുന്നതു സ്വാഭാവികമായി ഇഷ്ടമുള്ള കാര്യമല്ല. പക്ഷേ ഭാവിയിൽ ഫലം കായിക്കാൻ അത്തരം സ്പർശനവും ദൈവത്തിന്റെ കർശനമായ ഇടപെടലുകളും ആവശ്യമാണ് (യോഹ. 15:2). ഇന്നു പല വിശ്വാസികളും 'തൊട്ടാൽ വാടി' ചെടികളെ (Touch me not plant) പോലെയാണ്. ദൈവമാകട്ടെ, സഭയിലെ ഉത്തരവാദപ്പെട്ട സഹോദരന്മാരാകട്ടെ, അവരെ തൊടുന്നത് അവർക്കിഷ്ടമല്ല. അവരുടെ സ്വാഭാവിക ജീവനെ ആരും സ്പർശിക്കാൻ പാടില്ല. എന്നാൽ അവരുടെ സ്വയത്തെ സ്പർശിക്കുകയും അവരുടെ കുറവുകൾ കാണിച്ചുകൊടുക്കുകയും ചെയ്യുന്ന 'കിളയ്ക്കൽ' ഇല്ലെങ്കിൽ ഫലമില്ലാത്ത ഇലച്ചാർത്തുകൾ മാത്രമുള്ള ആർക്കും പ്രയോജനമില്ലാത്ത, അത്തിവൃക്ഷമായി അവർ തുടരും. അങ്ങനെ തുടർന്നാൽ വെട്ടിക്കളയുകയത്രേ അവയുടെ അവസാനം. അങ്ങനെയെങ്കിൽ 'വെട്ടിക്കളയുക' എന്ന നിത്യനാശത്തിൽ നിന്നു നമ്മെ രക്ഷപ്പെടുത്തുന്ന കിളയ്ക്കലുകളെയും അതിനു തോട്ടക്കാരന്റെ കൈകളിൽ ഇണങ്ങിയ ആയുധങ്ങളായിത്തീരുന്ന ഉപകരണങ്ങളേയും നാം എത്ര വിലമതിക്കേണം! അവരെക്കുറിച്ച് എത്ര നന്ദിയുള്ളവരായിരിക്കണം!

നാലാമത്, ചുറ്റും കിളയ്ക്കുക മാത്രമല്ല, തോട്ടക്കാരൻ ചെയ്യുന്നത്. മറുവശത്തു വൃക്ഷത്തിനു സന്തോഷകരമായ നിലയിൽ വളമിടുന്ന അനുഭവങ്ങളും ദൈവത്തിന്റെ തോട്ടത്തിൽ ഉണ്ട്. ദൈവസഭയിൽ എപ്പോഴും നാം ദൈവത്തിന്റെ ഖണ്ഡിതത്തെയും ദയയെയുമാണു മാറി മാറി സ്പർശിക്കുന്നത് (റോമ. 11:22).

അടുത്തതായി ഒരു വർഷംകൂടി നില്കട്ടെ' എന്നാണു കൃഷിക്കാരൻ അപേക്ഷിക്കുന്നത് (വാക്യം 8). ഒരു വർഷം ഫലം കായിക്കാൻ ന്യായമായ ഒരു സമയമാണ്! ഒരു വർഷം


വളരെ ചുരുങ്ങിയ സമയമായിപ്പോയി എന്നാണോ നമ്മുടെ പരാതി? അല്ല. ഒരു വർഷത്തിൽ 12 മാസവും 365 ദിവസവുമുണ്ട്. 8,760 മണിക്കൂറുമുണ്ട്. 5,26,600 മിനിറ്റുകളാണുള്ളത്. മൊത്തം 3,15,36,000 സെക്കൻഡുകളുമുണ്ട്. ഫലം കായിക്കാൻ എത്രയേറെ അവസരം!

ആറമത്, വളരെ കഠോരമായ ഒരു നിർദ്ദേശമാണു തോട്ടക്കാരനിൽ നിന്നു നാം കേൾക്കുന്നത്. 'ഫലം കായിച്ചില്ലെങ്കിൽ അതു വെട്ടിക്കളയാം' (വാക്യം 9). ഉവ്വ്, ദൈവത്തിന്റെ ക്ഷമ വളരെ ദീർഘമാണ്. പക്ഷേ അതിനും ഒടുവിൽ ഒരവസാനമുണ്ട് (റോമർ 2:5). ചുട്ടുകളക അത്രേ അതിന്റെ അവസാനം (എബ്രായർ 6:8). ഹോ! ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് എത്ര ഭയങ്കരം (10:31). ഇക്കാര്യത്തിൽ എത്ര വലിയ ആളായാലും ദൈവത്തിനു മുഖപക്ഷം ഇല്ല. നെബുഖദ്നേസർ വലിയ ചക്രവർത്തിയായിരുന്നു. യെഹൂദരെ പ്രവാസത്തിലേക്കു കൊണ്ടുപോയെങ്കിലും ദാനിയേൽ ഉൾപ്പെടെയുള്ളവരോടു കരുണയോടെ ഇടപെട്ടവൻ. ഭാവികാര്യങ്ങൾ സംബന്ധിച്ചുള്ള തന്റെ പദ്ധതികൾ ദൈവം സ്വപ്നത്തിലൂടെ വെളിപ്പെടുത്തിക്കൊടുത്തവൻ. പക്ഷേ അവൻ ദൈവഹിതപ്രകാരം ഫലം കായ്ക്കാതെ വന്നപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് അതികഠോരമായ ഒരു കല്പന പുറപ്പെട്ടു – 'വൃക്ഷത്തെ വെട്ടിയിട്ടു നശിപ്പിച്ചു കളയുവിൻ' (ദാനിയേൽ 4:14, 23).

അത്തിവൃക്ഷത്തെ വെട്ടിക്കളയാൻ ഫലം കായിക്കുന്നില്ല എന്ന കാരണം മാത്രമല്ല യജമാനനു പറയുവാനുള്ളത്. അത് 'നിലത്തെ നിഷ്ഫലമാക്കുന്നു' എന്നൊരു കുറ്റംകൂടെ യജമാനൻ ഉന്നയിക്കുന്നുണ്ട് (7-ാം വാക്യം). നാം ഫലം കൊടുക്കാതെ നിന്നാൽ, നാം കായിക്കുന്നില്ലെന്നു മാത്രമല്ല മറ്റൊരാളുടെ സാധ്യത കൂടെ നഷ്ടപ്പെടുത്തുകയാണത്രേ!

ഒടുവിലായി, ഏഴാമതായി, ഈ ഉപമ വളരെ പ്രതീക്ഷയോടെയാണ് അവസാനിക്കുന്നത് – 'മേലിൽ കായിച്ചെങ്കിലോ!' (9-ാം വാക്യം). ഫലം നല്കാതെ, നിലത്തെ നിഷ്ഫലമാക്കി നില്ക്കുന്ന ഒരു വൃക്ഷം നീട്ടിക്കിട്ടിയ വർഷത്തിൽ പൊടുന്നനെ തളിരിട്ട്, പൂവിട്ട്, ഫലം കായിക്കാൻ തുടങ്ങിയാൽ അത് യജമാനന്റേയും തോട്ടക്കാരന്റെയും ഹൃദയത്തെ എത്രമേൽ ആഹ്ലാദിപ്പിക്കും! എന്നാൽ അങ്ങനെ ഫലം കായിക്കാനും നമുക്കു സ്വയമേ കഴിയുകയില്ല. അതിനും നാം അവിടുത്തെ അടുക്കലേക്കു ചെല്ലേണ്ടിയിരിക്കുന്നു (യോഹ. 15:4,5).

പുതുവർഷത്തിൽ എത്ര വലിയ സാധ്യതയാണു നമുക്കുള്ളത്! ഇപ്പോഴും താമസിച്ചു പോയിട്ടില്ല. ജീവനുള്ള എല്ലാറ്റിനെക്കുറിച്ചും പ്രതീക്ഷയാണ് അവശേഷിക്കുന്നത് (സഭാ പ്രസംഗി 9:6). അതുകൊണ്ട് ആയുസ്സിനോട് ഒരു വർഷം നീട്ടിക്കിട്ടിയ പുതുവത്സരത്തിൽ നമുക്കു ഫലം കായിക്കാം, പിതാവിനെ മഹത്വപ്പെടുത്താം, ശിഷ്യരാകാം (യോഹ. 15:8). അങ്ങനെയെങ്കിൽ ഇത് അവസാനമല്ല. ഫലസമൃദ്ധിയുടെ ഒട്ടേറെ വർഷങ്ങൾ മുൻപിലുണ്ട്. 'ദൈവത്തിന്റെ മുന്തിരിത്തോപ്പിലെ ഫലം നൽകുന്ന അത്തിവൃക്ഷം'-ഇതായിരിക്കും ഭാവിയിലെ നമ്മുടെ മേൽവിലാസം! ▪



# GIVE ME YOUR WORD

**David Wilkerson**

Multitudes of Christians today are what I call "bread" believers—they live on bread alone, always asking God to prove His faithfulness. They have a hunger inside and they think they know what will satisfy it.

For most of my early years in ministry, I was a "bread" Christian. I had a deep hunger, driven by unexplainable need. When I thought I needed a new church, I got it! When I believed I needed a TV program, I got it! When I needed turn-away crowds, I got them! These were all good things in themselves, but I spent years praying, "God, prove Your power! I'm in debt, so send me money! Bless me, Lord! Bless my ministry! Answer my prayers! Let me prove to the world You have all power. Heal the sick to prove You are still the same today!"

So seldom does God find a Christian whose only goal in life is to know and to do His will—as Jesus did—and who never says, "God, where are You?" but instead prays, "God, where am I in this matter of obedience and dependence?"

When we stand before the judgment seat, we will not be judged by how many healings we've performed, or how many demons we've cast out, or how many prayers we've seen answered, or how many great works we've accomplished. We will be judged on our dependence on and obedience to His Word and to His will.

In our day and age, we have become very good at "commanding" God. We command the devil and demons; we command strongholds to fall. That is all good—but think about how often we cry out, "Oh, God! Command me! Tell me what to do. Show me how to do Your will, how to obey every word out of Your mouth."

Through everything, God is saying to us, "I want to be your only supply, your only hope. I want to be your only object of trust." My cry is, "Oh, God, You take care of the money. Just give me Your mind. You take care of my health, my family, my needs—just give me Your Word." ●

**JEEVAMOZHIKAL** **RNI/KERBIL/-2003/21404**
**January 2015** www. jeevamozhikal.org
Annual Subscription Rs.100/-

**Regn.No. KL/KTM/46/2015-17**
Date of Publication 28-12-2014

# ജീവസന്ദേശങ്ങൾ 2015

പ്രശസ്ത ക്രിസ്തീയ പ്രസംഗകനും
ഗ്രന്ഥകാരനുമായ



## ബ്രദർ സാക് പുന്നൻ പ്രസംഗിക്കുന്നു

സ്ഥലം : സത്യൻ മെമ്മോറിയൽ ഹാൾ
മ്യൂസിയത്തിന് എതിർവശം
**പാളയം, തിരുവനന്തപുരം**

തീയതി : ജനുവരി 10 ശനി, 11 ഞായർ
സമയം : വൈകിട്ട് 6.30 മുതൽ 8.30 വരെ

**ഏവർക്കും സ്വാഗതം!**

വരിക, ഈ മീറ്റിംഗുകൾ നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്
ഒരു പുതിയ ദിശാബോധം നൽകും.

**കൂടുതൽ വിവരങ്ങൾക്ക് : 09496100850**

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.